بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

വാല്യം 1

ലക്കം 26

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 സെപ്റ്റംബർ 1/ഹി:ശം:1395 തബൂക് 1/ഹി:ഖ: 1437 ദുൽഖഅ്ദ് 28

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂലായ് 29ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 2-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ദൈവികമായ സാക്ഷ്യങ്ങളും വിശുദ്ധ ഖുർആനിലെ ഖണ്ഡിതമായ തെളിവുകളുടെ ആയത്തുകളും സുവ്യക്തമായ ഹദീഥുകളും ഞാൻ എന്നെ മസീഹ് മൗഊദായി വിശ്വസിക്കണമെന്ന കാര്യത്തിൽ നിർബന്ധിച്ചു. ഞാൻ ഗോപ്യതയുടെ മുറിയിലായിരുന്നു. ആരും എന്നെ അറിയുമായിരുന്നില്ല. അവൻ ഏകാന്തസ്ഥാനത്തുനിന്ന് എന്നെ ബലാൽക്കാരമായി പുറത്തുകൊണ്ടുവന്നു. ഞാൻ ഗോപ്യമായിരിക്കാനാണ് ആഗ്രഹിച്ചത്; ഗോപ്യമായി മരിക്കാനും. എന്നാൽ, ഞാൻ നിനക്ക് മുഴുലോകത്തും അന്തസോടുകൂടി പ്രശസ്തി നല്കുമെന്ന് അവൻ പറഞ്ഞു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ഇനി നാം ചില സത്യാന്വേഷികൾ എന്നോടു ചോദിച്ച ചില ദുർബോധനങ്ങൾക്കുള്ള മറുപടി നല്കുകയാണ്. അതിലധികവും അസിസ്റ്റന്റ് സർജനായ പട്യാലയിലെ അബ്ദുൽ ഹക്കീം ഖാൻ എഴുത്തിലൂടേയും പ്രസംഗത്തിലൂടേയും ജനഹൃദയങ്ങളിൽ ഇട്ടതാണ്. തന്റെ അന്ത്യം ഏകദേശം മുർത്തദ്ദിന്റെ അവസ്ഥയിൽതന്നെ ആകുമാറ് അദ്ദേഹം തന്നിൽ സീൽവെച്ചിരിക്കുന്നു. ഈ കുറച്ച് ദുർബോധനങ്ങൾക്കുള്ള മറുപടി ഞാൻ മുൻശീ ബുർഹാനുൽഹഖ് സാഹിബ് ശാഹ്ജഹാൻപൂരിയുടെ നിർബന്ധത്താലാണ് എഴുതിയിട്ടുള്ളത്. അത് അദ്ദേഹം അങ്ങേയറ്റം വിനയത്തോടെ തന്റെ കത്തിൽ പ്രകടിപ്പിക്കുകയായിരുന്നു. മുൻശീ ബുർഹാനുൽഹഖ് സാഹിബിന്റെ കത്തിന്റെ യഥാർഥ വാക്യങ്ങൾ ഓരോ ചോദ്യത്തിലും എഴുതി അതിനു മറുപടി നല്കുകയാണ്- വബില്ലാഹി തൗഫീഖ്

ചോദ്യം (1). തിർയാഖുൽ ഖുലൂബിന്റെ 157-ാം പേജിൽ (അതെന്റെ ഗ്രന്ഥമാണ്)എഴുതിയിരിക്കുന്നു:ഇവിടെ, ഞാൻ ഈ പ്രസംഗത്തിൽ പറഞ്ഞ, ‘എന്റെ ആത്മാവിന് മസീഹിന്റെ ആത്മാവിനെക്കാൾ ശ്രേഷ്ഠത നല്കി’യെന്ന സംശയം ആർക്കുമുണ്ടാകാൻ പാടില്ലാത്തതാണ്. കാരണം ഇതൊരു ഭാഗികമായ ശ്രേഷ്ഠതയാണ്. അത് നബിയല്ലാത്തവർക്ക് നബിയുടെമേൽ ഉണ്ടാകാവുന്നതാണ്. അല്ലാഹു ഈ ഉമ്മത്തിൽനിന്ന് മസീഹ് മൗഊദിനെ അയച്ചുവെന്ന് റിവ്യു വാല്യം 1 നമ്പർ 6 പേജ് 257-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ആ ആദ്യം വന്ന മസീഹിനെക്കാൾ തന്റെ എല്ലാ പ്രൗഢിയിലും വളരെ ഉയർന്നയാളാണ്. പിന്നെ റിവ്യു പേജ് 478-ൽ എഴുതി: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! മർയമിന്റെ മകൻ മസീഹ് എന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നെങ്കിൽ എനിക്കു ചെയ്യാൻ കഴിയുന്ന ജോലി അദ്ദേഹത്തിന് ഒരിക്കലും ചെയ്യാൻ സാധിക്കുമായിരുന്നില്ല. എന്നിലൂടെ വെളിപെടുന്ന ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന് കാണിക്കാനും സാധിക്കുമായിരുന്നില്ല. ഈ രണ്ടു വാക്യങ്ങളിലും വൈരുദ്ധ്യമുണ്ടെന്നതാണ് ആക്ഷേപത്തിന്റെ ചുരുക്കം.(ഈ വാക്യം റിവ്യൂവിന്റെ പേജ് 478 ലാണുള്ളത്. അതുകൊണ്ട് 475 നുപകരം 478 എന്നാക്കിയിരിക്കുന്നു.(ശരിപ്പെടുത്തിയ ആൾ)

മറുപടി: എനിക്ക് ഇക്കാര്യങ്ങളിൽ ഒരു സന്തോഷമോ എന്തെങ്കിലും ഉദ്ദേശ്യമോ ഇല്ലെന്ന കാര്യം അല്ലാഹു നല്ലവണ്ണം അറിയുന്നവനാണെന്ന് ഓർക്കുക; അതായത് ഞാൻ മസീഹ് മൗഊദ് ആണെന്ന് പറയപ്പെടുന്നതും അല്ലെങ്കിൽ മർയമിന്റെ മകൻ മസീഹിനെക്കാൾ സ്വയം ശ്രേഷ്ഠനാണെന്ന് നിശ്ചയിക്കുന്നതും. അല്ലാഹു തന്റെ ഈ പരിശുദ്ധ വഹ്‌യിൽ അവൻതന്നെ എന്നെ അറിയിച്ചു. ഖുൽ ഉജർരിദു നഫ്സീ മിൻ ളുറൂബിൽ ഖിത്വാബി അതായത് അവരോടു പറയുക, എന്റെ അവസ്ഥ എന്താണെന്നുവച്ചാൽ ഞാൻ ഒരു സ്ഥാനവും എനിക്കുവേണ്ടി ആഗ്രഹിക്കുന്നില്ല. എന്റെ ഉദ്ദേശ്യവും എന്റെ ലക്ഷ്യവും ഈ ചിന്താഗതികൾക്കെല്ലാം അതീതമാണ്. ഏതൊരുസ്ഥാനവും നല്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. എനിക്ക് അതിൽ ഒരു കൈകടത്തലുമില്ല. പിന്നെന്തിന് അങ്ങനെ എഴുതി എന്നതാണ്. വാക്യങ്ങളിൽ ഈ വൈരുദ്ധ്യം എന്തുകൊണ്ടുണ്ടായി. അതുകൊണ്ട് ഇക്കാര്യം ശ്രദ്ധയോടുകൂടി മനസ്സിലാക്കുക. ഇതു ബറാഹീനെ അഹ്മദിയ്യായിൽ മർയമിന്റെ മകൻ മസീഹ് ആകാശത്തുനിന്ന് ഇറങ്ങുമെന്ന് ഞാനെഴുതിയതുപോലുള്ള വൈരുദ്ധ്യമാണ്. എന്നാൽ, വരേണ്ടുന്ന മസീഹ് ഞാനാണെന്ന് പിന്നീട് ഞാനെഴുതി. ഈ വൈരുദ്ധ്യത്തിനും ഇതുതന്നെയായിരുന്നു കാരണം. ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു എന്റെ പേര് ഈസാ എന്ന് വച്ചു. നിന്റെ വരവിനെ കുറിച്ചുള്ള വാർത്ത അല്ലാഹുവും റസൂലും നല്കിയിരിക്കുന്നുവെന്നും എന്നോടു പറഞ്ഞു. എന്നാൽ, മുസ്‌ലീംകളിൽനിന്നുള്ള ഒരു സംഘം ഹദ്റത്ത് ഈസാ ആകാശത്തുനിന്ന് ഇറങ്ങുമെന്നുള്ള വിശ്വാസത്തിൽ ഉറച്ചു നില്ക്കുകയായിരുന്നു. എന്റേയും അതേ വിശ്വാസമായിരുന്നു. അതുകൊണ്ട് ഞാൻ അല്ലാഹുവിന്റെ വഹ്‌യിനെ ബാഹ്യത്തിൽ ബാധകമാക്കാൻ ആഗ്രഹിച്ചില്ല. മറിച്ച് ആ വഹ്‌യെ വ്യാഖ്യാനിച്ചു. എന്റെ വിശ്വാസം സാധാരണ മുസ്‌ലീംകളുടെ വിശ്വാസമായിത്തന്നെ വെക്കുകയും ചെയ്തു. അത് ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ, അതിനുശേഷം ഇതുസംബന്ധമായി വരേണ്ടുന്ന മസീഹ് നീ തന്നെയാണെന്ന് മഴപോലെ അല്ലാഹുവിൽനിന്നുള്ള വഹ്‌യുണ്ടായി. അതിനോടൊപ്പം നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങളും വെളിപ്പെട്ടു. ഭൂമിയും ആകാശവും രണ്ടും എന്റെ സാക്ഷ്യത്തിനായി എഴുന്നേറ്റുനിന്നു. അല്ലാഹുവിന്റെ തിളക്കമാർന്ന ദൃഷ്ടാന്തം എന്നിൽ നിർബന്ധം ചെലുത്തി എന്നെ ഈ ഭാഗത്തേക്കു കൊണ്ടുവന്നു; അവസാന കാലത്ത് വരേണ്ടുന്ന മസീഹ് ഞാൻ തന്നെയാണെന്ന്. ഇല്ലെങ്കിൽ എന്റെ വിശ്വാസം ഞാൻ ബറാഹീനെ അഹ്മദിയ്യായിൽ എഴുതിയതുതന്നെയായിരുന്നു. പിന്നീട് ഞാൻ ഇതിൽ മതിയാക്കാതെ ഈ വഹ്‌യെ വിശുദ്ധ ഖുർആന്റെമേൽ സമർപിച്ചു. അങ്ങനെ ഖണ്ഡിതമായ തെളിവുകളുടെ ആയത്തുകൾകൊണ്ട് യഥാർഥത്തിൽ മർയമിന്റെ മകൻ മസീഹ് വഫാത്തായിരിക്കുന്നുവെന്നും മസീഹ് മൗഊദിന്റെ പേരിൽ വരുന്ന അവസാന ഖലീഫ ഈ ഉമ്മത്തിൽനിന്ന് വരുന്നതാണെന്നും സ്ഥാപിതമായി; പകൽ ഉദിച്ചുയരുമ്പോൾ ഒരു ഇരുട്ടും അവശേഷിക്കത്തതുപോലെ! ഇതേപ്രകാരം നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങളും ദൈവികമായ സാക്ഷ്യങ്ങളും വിശുദ്ധ ഖുർആനിലെ ഖണ്ഡിതമായ തെളിവുകളുടെ ആയത്തുകളും സുവ്യക്തമായ ഹദീഥുകളും ഞാൻ എന്നെ മസീഹ് മൗഊദായി വിശ്വസിക്കണമെന്ന കാര്യത്തിൽ നിർബന്ധിച്ചു. അവൻ എന്നിൽ സന്തോഷിക്കണമെന്നത് എനിക്കു മതിയായതായിരുന്നു. എനിക്ക് ഇക്കാര്യത്തിൽ ഒരു ആഗ്രഹവുമുണ്ടായിരുന്നില്ല. ഞാൻ ഗോപ്യതയുടെ മുറിയിലായിരുന്നു. ആരും എന്നെ അറിയുമായിരുന്നില്ല. ആരെങ്കിലും തിരിച്ചറിയണം എന്ന ആശയും എനിക്കുണ്ടായിരുന്നില്ല. അവൻ ഏകാന്തസ്ഥാനത്തുനിന്ന് എന്നെ ബലാൽക്കാരമായി പുറത്തുകൊണ്ടുവന്നു. ഞാൻ ഗോപ്യമായിരിക്കാനാണ് ആഗ്രഹിച്ചത്; ഗോപ്യമായി മരിക്കാനും. എന്നാൽ, ഞാൻ നിനക്ക് മുഴുലോകത്തും അന്തസോടുകൂടി പ്രശസ്തി നല്കുമെന്ന് അവൻ പറഞ്ഞു. അതുകൊണ്ട് നീ എന്തിനാണ് അങ്ങനെ ചെയ്തത്? എന്ന് ആ അല്ലാഹുവിനോടു ചോദിക്കുക. ഇതിൽ എന്റെ തെറ്റെന്താണ്? ഇപ്രകാരം ആദ്യകാലത്ത് എന്റെ വിശ്വാസമായിരുന്നു എനിക്കു മർയമിന്റെ മസീഹുമായിട്ട് എന്തുബന്ധമാണുള്ളതെന്ന്; അദ്ദേഹം നബിയാണ്. അല്ലാഹുവിന്റെ സമീപസ്ഥരായ പുണ്യാത്മാക്കളിൽനിന്നുള്ളയാളാണ്. ഏതെങ്കിലും കാര്യം എന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് വെളിപ്പെട്ടാൽ ഞാൻ അതിനെ ഭാഗികമായ ശ്രേഷ്ഠതയായി കരുതുമായിരുന്നു. എന്നാൽ, പിന്നീട് അല്ലാഹുവിന്റെ വഹ്‌യ് മഴപോലെ എന്നിൽ ഇറങ്ങാൻ തുടങ്ങിയപ്പോൾ അവൻ എന്നെ ഈ വിശ്വാസത്തിൽ നില്ക്കാൻ വിട്ടില്ല. സുവ്യക്തമായ നിലയിൽ നബിയുടെ പദവി എനിക്കുനല്കപ്പെട്ടു; എന്നാൽ, ഒരു വശത്തൂടെ നബിയും ഒരു വശത്തൂടെ ഉമ്മത്തിയും എന്ന രീതിയിൽ!1 മാതൃക എന്ന നിലയിൽ അല്ലാഹുവിന്റെ വഹ്‌യുടെ ചില വാക്യങ്ങൾ ഈ ഗ്രന്ഥത്തിലും ഞാൻ എഴുതിയിട്ടുണ്ട്. മർയമിന്റെ മകൻ മസീഹിന്നെതിരിൽ അല്ലാഹു എന്നെക്കുറിച്ച് എന്താണ് പറയുന്നതെന്ന് അതിൽനിന്നും വെളിവാകുന്നുണ്ട്. അല്ലാഹുവിന്റെ 23 വർഷത്തെ തുടർച്ചയായുള്ള വഹ്‌യുകളെ ഞാനെന്തിന് നിഷേധിക്കണം? എനിക്കു മുമ്പേയുണ്ടായി കഴിഞ്ഞിട്ടുള്ള അല്ലാഹുവിന്റെ എല്ലാ വഹ്‌യുകളിലും വിശ്വസിക്കുന്നതുപോലെ ഞാൻ അവന്റെ ഈ പരിശുദ്ധ വഹ്‌യിലും വിശ്വസിക്കുന്നു. മർയമിന്റെ മകൻ മസീഹ് മൂസാ(അ)ന്റെ അവസാന ഖലീഫയായിരുന്നതുപോലെ ഖയ്റുർറുസുലായ ആ നബിയുടെ അവസാന ഖലീഫയാണ് ഞാനെന്നും ഞാൻ കാണുന്നു. അതുകൊണ്ടു എന്റെ സ്ഥാനം അദ്ദേഹത്തെക്കാൾ കുറച്ചു വെക്കാൻ അല്ലാഹു ആഗ്രഹിച്ചില്ല. എന്റെ ഈ വാക്കുകൾ ഹദ്റത്ത് മസീഹിനോടുള്ള സ്നേഹം പൂജിക്കുന്നതിന്റെ നിലവരെ എത്തിയിട്ടുള്ളവർക്ക് സഹിക്കുകയില്ലെന്ന് എനിക്കു നല്ലവണ്ണം അറിയാം. എന്നാൽ, ഞാൻ അത് സാരമാക്കുന്നില്ല. ഞാൻ എന്തു ചെയ്യാനാണ്? എങ്ങനെ അല്ലാഹുവിന്റെ കല്പന ഉപേക്ഷിക്കാനാണ്? എനിക്കുനല്കപ്പെട്ട വെളിച്ചത്തിൽനിന്ന് ഇരുട്ടിൽ എങ്ങനെ വരാനാണ്. ചുരുക്കമിതാണ്; എന്റെ എഴുത്തുകളിൽ ഒരു വൈരുദ്ധ്യവുമില്ല. ഞാൻ അല്ലാഹുവിന്റെ വഹ്‌യെ പിൻപറ്റുന്നവനാണ്. അവനിൽനിന്ന് അറിവുണ്ടാകാത്തിടത്തോളം ആദ്യം പറഞ്ഞുകൊണ്ടിരുന്നതുതന്നെ ഞാൻ പറഞ്ഞുകൊണ്ടിരുന്നു. അവനിൽനിന്ന് എനിക്ക് അറിവുണ്ടായപ്പോൾ ഞാൻ അതിനെതിരിൽ പറഞ്ഞു. ഞാൻ മനുഷ്യനാണ്. അദൃശ്യങ്ങൾ അറിയുന്നവനാണെന്ന വാദമൊന്നു എനിക്കില്ല. കാര്യമെന്താണെന്നുവച്ചാൽ ഇഷ്ടമുള്ളവൻ സ്വീകരിക്കട്ടെ! ഇഷ്ടമില്ലാത്തവൻ സ്വീകരിക്കാതിരിക്കട്ടെ! അല്ലാഹു എന്തിനാണ് ഇങ്ങനെ ചെയ്തതെന്ന് എനിക്കറിയില്ല. എന്നാൽ, ആകാശത്ത് അല്ലാഹുവിന്റെ ധാർമികരോഷം ക്രിസ്ത്യാനികൾക്കെതിരിൽ തിളച്ചുപൊന്തിക്കൊണ്ടിരിക്കുന്നുവെന്ന് എനിക്കറിയാം. അവർ നബി(സ)തിരുമേനിക്കെതിരിൽ അടുത്തുതന്നെ ആകാശം പൊട്ടിപ്പിളരുമാറുള്ള നിന്ദ്യമായ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. അതുകൊണ്ട് അവന്റെ റസൂലിന്റെ ഒരു എളിയദാസൻ ഇസ്റായീൽകാരനായ മർയമിന്റെ മകൻ മസീഹിനെക്കാൾ ശ്രേഷ്ഠനാണെന്ന് അല്ലാഹു കാണിക്കുന്നു. ആർക്കാണോ ഈ വാക്യംകൊണ്ട് കോപവും ദ്വേഷവുമുള്ളത് അവന് തന്റെ കോപത്തിൽ മരിക്കാൻ അധികാരമുണ്ട്. എന്നാൽ, അല്ലാഹു ഇച്ഛിച്ചത് ചെയ്തു. അവൻ ഇച്ഛിക്കുന്നത് ചെയ്യുന്നു. അതെന്തിനാണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കാൻ മനുഷ്യന് കഴിയുമോ?” (റൂഹാനീ ഖസായിൻ വാല്യം 22, ഹഖീഖത്തുൽ വഹ്‌യ് പേജ് 152-155)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ഈയിടെയായി ലോകത്തിന്റെ അവസ്ഥകൾ വളരെ വേഗം വഷളായിക്കൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ മുസ്‌ലീംകളുടെ ചില ഗ്രൂപ്പുകളാണ് അതിന് കാരണമായിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിം രാഷ്ട്രങ്ങളുടെ നേതാക്കളും അവരുടെ സർവാധികാരികളും മുസ്‌ലിംവിരുദ്ധ ശക്തികൾ അവരെ തങ്ങളുടെ വരുതിയിലെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് മനസ്സിലാക്കുന്നില്ല. ഇസ്‌ലാമിന്റേയും ജിഹാദിന്റേയും പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളുമായി വിദൂരബന്ധംപോലുമില്ല.**

**സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിനുള്ള ഏറ്റവും വലിയ ധ്വജവാഹകരായ ഇസ്‌ലാം, ശാന്തിയും നീതിയും നിലനിറുത്തുക എന്നത് ഇസ്‌ലാമിക സർക്കാറുകളുടെ ഏറ്റവും വലിയ നിർബന്ധ കടമയാണെന്ന് അവരോടു പറയുന്നു. അവർതന്നെയാണ് ശാന്തിയുടേയും നീതിയുടേയും പത്രിക കഷണം കഷണമാക്കി കാറ്റിൽപറത്തിക്കൊണ്ടിരിക്കുന്നത്. കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ മുസ്‌ലിം രാജ്യങ്ങളിൽനിന്നും സ്വാർഥതല്പരർ ഫലമെടുത്തുകൊണ്ടിരിക്കുന്നു. ഭരണകൂടങ്ങൾ പൊതുജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുംവേണ്ടി പ്രവർത്തിക്കുന്നതിനുപകരം സ്വന്തം താൽപര്യങ്ങൾക്കാണ് മുൻതൂക്കം നല്കിക്കൊണ്ടിരിക്കുന്നത്.**

**വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ ചിന്തിക്കുന്നില്ലെങ്കിലും മുസ്‌ലിം ആയിക്കൊണ്ട് ഇരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും ബുദ്ധിയുടെ തേട്ടമെന്നു പറയുന്നത് ചിന്തിച്ചും ആലോചിച്ചും ചുവടു വെക്കുക എന്നാണ്. മുസ്‌ലീംകളുടെ ഭിന്നിപ്പിന്റെ അല്ലെങ്കിൽ അവരുടെ രാജ്യത്തിന്റെ അസ്വസ്ഥതയുടേയും അശാന്തിയുടേയും ഫലം ആർക്കാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നോക്കുക. പക്ഷേ, അവർക്ക് മനസ്സിലാകുന്നില്ല. ഈ മുസ്‌ലിം രാഷ്ട്രങ്ങൾക്കു വേണ്ടി ഈ നാളുകളിൽ വളരെ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ.**

**ഭീകരവാദസംഘടനകൾ ഈ പാശ്ചാത്യരാജ്യങ്ങളിൽ നിരപരാധികളായ ആളുകളെ കൊന്നൊടുക്കി അങ്ങേയറ്റം മൃഗീയവും അക്രമപരവുമായ പ്രവർത്തിചെയത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ ഇസ്‌ലാം വിരുദ്ധ ശക്തികൾതന്നെ അമുസ് ലിം രാഷ്ട്രങ്ങളിൽ അത്തരം പ്രവർത്തനങ്ങൾ അത്തരക്കാരെക്കൊണ്ട് ചെയ്യിക്കുന്നതാകാതിരിക്കാനും തരമില്ല. അവരെ സഹായിക്കാൻ എന്ന പേരിലും ഭീകരപ്രവർത്തനങ്ങളിൽനിന്ന് ലോകത്തെ രക്ഷിക്കാനെന്ന പേരിലും തങ്ങളുടെ താവളം ഈ രാഷ്ട്രങ്ങളിൽ സ്ഥാപിക്കുന്നതിന് ഒരു കാരണം ഇവർക്ക് കൈയിൽകിട്ടണം!**

**അല്ലാഹു നമ്മുടെ ദീനിന്റെ പേര് ഇസ്‌ലാം എന്നു വെച്ചിരിക്കുന്നു. ഈ നാമംപോലും ഭീകരപ്രവർത്തനങ്ങളേയും ബലാൽക്കാരപ്രവർത്തനങ്ങളേയും തടയുകയും സമാധാനത്തിന്റേയും ശാന്തിയുടേയും ഐക്യത്തിന്റേയും സന്ദേശം നല്കുകയും ചെയ്യുന്നു. ഇസ്‌ലാം എന്നതിന്റെ അർഥംതന്നെ സമാധാനത്തോടെ ജീവിക്കുകയും സമാധാനം നല്കുകയും ചെയ്യുക എന്നതാണ്.**

**ലോകമനുഷ്യരുടെ മനസ്സുകളെ അതിജയിക്കാൻ കഴിയുന്നതും, ഇസ്‌ലാമിനെ ലോകത്ത് പ്രചരിപ്പിക്കാൻ സാധിക്കുന്നതും അതിന്റെ മനോഹരമായ അധ്യാപനത്താലായിരിക്കും; ഭീകരവാദികളുടേയും ഉലമാഇന്റേയും സ്വന്തം സൃഷ്ടിച്ചിട്ടുള്ള അധ്യാപനത്താലല്ല. ഈ വഴി കാണിക്കാൻ സാധിക്കുന്നത് അല്ലാഹു ഇക്കാലഘട്ടത്തിൽ ഇമാമാക്കി അയച്ച ആൾക്കാണ്.അല്ലാഹു ഇക്കാലഘട്ടത്തിൽ ഇമാമാക്കുകയും നീതിമാനായ വിധികർത്താവാക്കി അയക്കുകയും ചെയ്തിട്ടുള്ള ആൾക്കാണ് ഈ വഴി കാണിക്കാൻ സാധിക്കുന്നത്. അല്ലാഹു നീതി സ്ഥാപിക്കാൻ നിയോഗിച്ചയച്ചിട്ടുള്ള വ്യക്തിക്കെ നീതിനിലനിറുത്താൻ സാധിക്കുകയുള്ളു; ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം നടപ്പാക്കാൻ കഴിയുന്നത് അല്ലാഹു ആ സ്ഥാനത്ത് നിയോഗിച്ചിട്ടുള്ള ആൾക്കാണ്.**

**വഴിതെറ്റിക്കിടക്കുന്ന ഈ ആളുകൾ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന ഓരോ ആക്രമണവും മുമ്പത്തേക്കാളുപരി നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ നമ്മളോടു പറയുന്നവയായിരിക്കേണ്ടതാണെന്ന കാര്യം അഹ്മദികളായ നമ്മളും ഓർക്കേണ്ടതാണ്. ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്ന എല്ലാ ഓരോ പ്രവർത്തനത്തിനുശേഷവും നമ്മൾ ലോകത്തോടു എന്റെ മതത്തിന്റെ അടിത്തറ ശാന്തിയിലും സമാധനത്തിലുമാണെന്ന് പറയേണ്ടതാണ്. നമ്മളിൽ എല്ലാ ഓരോരുത്തരും ഇതു പറയേണ്ടതാണ്. ഇസ്‌ലാമിനെ പിന്തുടരുന്നവരിൽ ആരെങ്കിലും സമാധാനവും ശാന്തിയും കെടുത്തിക്കളയുന്ന ഇത്തരം പ്രവർത്തനം നടത്തിയാൽ ആ വ്യക്തി അല്ലെങ്കിൽ ആ ഗ്രൂപ്പിന്റെ വ്യക്തിഗതമായതും സ്വാർഥപരമായതുമായ നേട്ടം കരസ്ഥമാക്കുന്നതിനുള്ള പ്രവർത്തനമായിരിക്കുമത്. ഇസ്‌ലാമികാധ്യാപനവുമായി അതിന് ഒരു ബന്ധവുമില്ല. ഇത് അടിമുടി അനുവദനീയമല്ലാത്ത കാര്യങ്ങളാണ്. ഇങ്ങനെ പ്രവർത്തിക്കുന്നവർക്കായിരിക്കും അതിന്റെ പൂർണമായ ഉത്തരവാദിത്വം. ഇസ്‌ലാമികാധ്യാപനങ്ങൾക്കായിരിക്കുകയില്ല.**

**അമുസ്‌ലീംകളിൽനിന്ന് ഇസ്‌ലാമിന്നെതിരിലും മുസ്‌ലീംകളിൽനിന്ന് അഹ്മദിയ്യാ ജമാഅത്തിന്നെതിരിലും എതിർപ്പ് നടന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് വളരെ യുക്തിയോടും കഠിനാധ്വാനത്തോടുംകൂടി പ്രവർത്തിക്കേണ്ടി വരും.**

**ലോകത്ത് പരക്കേണ്ട മതമാണ് ഇസ്‌ലാം എന്നതിൽ ഒരു സംശയുമില്ല. ഇൻശാഅല്ലാഹ്. ഇസ്‌ലാമിന്റെ പുനഃരുഥാനം അഹ്മദിയ്യാ ജമാഅത്തുമുഖേനയാണ് നടക്കേണ്ടതെന്നതിലും സംശയമില്ല. ഇൻശാ അല്ലാഹ്. ഇത് അല്ലാഹു വിധിച്ചിട്ടുള്ളതാണ്. പക്ഷേ, നമ്മൾ നമ്മുടെ ജീവിതത്തിൽ ഈ ദൃശ്യം കാണുന്നതിനും നമ്മുടെ ബലഹീനതയും വീഴ്ചകളും ഈ അഭിവൃദ്ധിയെ നമ്മളിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്നതാകാതിരിക്കാനും പരിശ്രമിക്കുകയും ദുആചെയ്യുകയും വേണം. അതുകൊണ്ട് നമ്മുടെ തെറ്റുകൾ മറച്ചുവെക്കുന്നതിനും അല്ലാഹുവിന്റെ കൃപാകടാക്ഷം ആകർഷിച്ചെടുക്കുന്നതിനുംവേണ്ടി അധ്വാനിക്കുകയും ദുആചെയ്യുകയും ചെയ്യേണ്ട ആവശ്യം നമുക്കുണ്ട്.**

**വിശുദ്ധ ഖുർആനിലും തിരുഹദീഥുകളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിലും പറയപ്പെട്ടിട്ടുള്ള ചില ദുആകൾ പ്രത്യേകമായനിലയിൽ ചെയ്യാൻ നിർദേശം.**

**എവൻ വെർണൻ (Evan Vernon)സാഹിബിനേയും സയ്യിദ് നാദിർ സയ്യിദീനേയും സദ്ർ ജമാഅത്ത് ന്യൂയോർക്ക്(അമേരിക്ക) നദീർ അഹ്മദ് അയാസ് സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

29-07-2016/1395 വഫാ 29
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഈയിടെയായി ലോകത്തിന്റെ അവസ്ഥകൾ വളരെ വേഗം വഷളായിക്കൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ മുസ്‌ലീംകളുടെ ചില ഗ്രൂപ്പുകളാണ് അതിന് കാരണമായിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിം രാഷ്ട്രങ്ങളുടെ നേതാക്കളും അവരുടെ സർവാധികാരികളും മുസ്‌ലിം വിരുദ്ധ ശക്തികൾ അവരെ തങ്ങളുടെ വരുതിയിലെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് മനസ്സിലാക്കുന്നില്ല. ഇസ്‌ലാമിന്റേയും

ജിഹാദിന്റേയും പേരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളുമായി വിദൂരബന്ധംപോലുമില്ല. ഇപ്രകാരംതന്നെ സ്വന്തം ജനതയുടെമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്ന സർക്കാറുകൾക്കും ഇസ്‌ലാമികാധ്യാപനങ്ങളുമായി ബന്ധമില്ല. അവർ ഇസ്‌ലാമികാധ്യപനങ്ങൾക്കെതിരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിരാപരാധികളെ കൊല്ലാൻ ഇസ്‌ലാമിൽ എവിടെയാണ് എഴുതിയിരിക്കുന്നത്?

ഭീകരപ്രവർത്തകർ ഇസ്‌ലാമിന്റെ പേരിൽ അമുസ്‌ലീംകളെ മാത്രമല്ല കൊന്നുകൊണ്ടിരിക്കുന്നത്. പ്രത്യുത അതിനെക്കാൾ കൂടുതലായി മുസ്‌ലീംകളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. ഇതിൽ നിരപരാധികളും കുട്ടികളും വൃദ്ധരും സ്ത്രീകളും ഉൾപ്പെടുന്നു. മുസ്‌ലിം രാഷ്ട്രങ്ങളുടെ ശക്തി ബലഹീനതയിൽനിന്ന് ബലഹീനമായിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാംവിരുദ്ധ ശക്തികൾ ആഗ്രഹിക്കുന്നതും ഇസ്‌ലാമിക ഭരണകൂടങ്ങൾ ഒരിക്കലും ശക്തി പ്രാപിക്കരുതെന്നാണ്. ഇസ്‌ലാമിക രാഷ്ട്രങ്ങൾ ഒരിക്കലും സാമ്പത്തികാടിസ്ഥാനത്തിലോ സമാധാനത്തിന്റേയും ശാന്തിയുടേയും അടിസ്ഥാനത്തിലോ ശക്തി പ്രാപിക്കരുത്!

മുസ്‌ലിം രാഷ്ട്രങ്ങളുടെ നേതാക്കളും അവരാൽ വളർത്തപ്പെട്ട ഉലമായും ഇസ്‌ലാമികാധ്യാപനങ്ങൾ മനസ്സിലാക്കുന്നവരല്ല. അവർ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവരുമല്ല. അവർ അല്ലാഹു അയച്ച ഇക്കാലഘട്ടത്തിലെ ഇമാമിന്റേയും മാർഗദർശിയുടേയും കാര്യങ്ങൾ കേൾക്കുന്നത് നിഷേധിക്കുന്നവരാണ്. അദ്ദേഹത്തെ അല്ലാഹു സ്വയം തന്റെ വാഗ്ദാനവും നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുമനുസരിച്ച് ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ലോകത്ത് നടപ്പിൽവരുത്തുന്നതിനുവേണ്ടി അയച്ചിരിക്കുന്നു. അതിന്റെ ഫലം നമ്മൾ എന്താണ് കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ പറഞ്ഞുവന്നതുപോലെ സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിനുള്ള ഏറ്റവും വലിയ ധ്വജവാഹകരായ ഇസ്‌ലാം, ശാന്തിയും നീതിയും നിലനിറുത്തുക എന്നത് ഇസ്‌ലാമിക സർക്കാറുകളുടെ ഏറ്റവും വലിയ നിർബന്ധ കടമയാണെന്ന് അവരോടു പറയുന്നു. അവർതന്നെയാണ് ശാന്തിയുടേയും നീതിയുടേയും പത്രിക കഷണം കഷണമാക്കി കാറ്റിൽപറത്തിക്കൊണ്ടിരിക്കുന്നതും.

കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ മുസ്‌ലിം രാജ്യങ്ങളിൽനിന്നും സ്വാർഥതല്പരർ ഫലമെടുത്തുകൊണ്ടിരിക്കുന്നു. ഭരണകൂടങ്ങൾ പൊതുജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുംവേണ്ടി പ്രവർത്തിക്കുന്നതിനുപകരം സ്വന്തം താൽപര്യങ്ങൾക്കാണ് മുൻതൂക്കം നല്കിക്കൊണ്ടിരിക്കുന്നത്. മുസൽമാൻ മുസൽമാനെ കൊന്നുകൊണ്ടിരിക്കുന്നു. സഹനത്തിന്റെ ബീജം നേതാക്കളിൽ അവശേഷിച്ചിട്ടില്ല.

തുർക്കിയിൽ കഴിഞ്ഞദിവസം അട്ടിമറി നടന്നു. രാജ്യദ്രോഹം ഒരു തരത്തിലും ഇസ്‌ലാമികാധ്യാപനമനുസരിച്ച് Justified അല്ലെന്നതിൽ സംശയമില്ല. പക്ഷേ, അതിന്റെ ഫലമായി സർക്കാർ എടുത്ത നടപടികൾ, അല്ലെങ്കിൽ എടുത്തുകൊണ്ടിരിക്കുന്ന നടപടികളും അക്രമപരമാണ്. രാഷ്ട്രീയപരമായി സർക്കാറിന്റെ എത്രകണ്ട് എതിരാളികളുണ്ടോ–അവർ കലഹങ്ങളിൽ പങ്കുള്ളവരാണെങ്കിലും അല്ലെങ്കിലും–അവർക്കെതിരിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇതുകണ്ടുകഴിഞ്ഞതുമാണ്. ഇതിന്റെ ഫലമായി പെട്ടെന്നോ കുറച്ചുകാലത്തിനുശേഷമോ പ്രതികരണം വെളിപ്പെടുന്നതാണ്. പക്ഷേ, എന്തായാലും അക്രമം തുടർന്നുകൊണ്ടേയിരിക്കുകയാണെങ്കിൽ പ്രതികരണം തീർച്ചയായും ഉണ്ടാകും.

പിന്നീട് ഇസ്‌ലാം വിരുദ്ധ ശക്തികൾ ഈ പ്രതികരണം ഊതി ജ്വലിപ്പിക്കുന്നതായിരിക്കും. അവർ അതിനെ മുതലാക്കുന്നതായിരിക്കും. വൻശക്തികൾ അവരുടെ ആയുധങ്ങൾ വില്ക്കുന്നു. ഇരുപക്ഷക്കാരോടും സഹതപിക്കുന്നവരായി മാറുന്നു. ഇറാഖ്, ലിബിയ, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ ഇതെല്ലാം കണ്ടിട്ടും മുസ്‌ലിം ഭരണാധികാരികൾക്ക് മനസ്സിലാകുന്നില്ല. ഇനി വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ ചിന്തിക്കുന്നില്ലെങ്കിലും മുസ്‌ലിം ആയിക്കൊണ്ട് ഇരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിലും ബുദ്ധിയുടെ തേട്ടമെന്നു പറയുന്നത് ചിന്തിച്ചും ആലോചിച്ചും ചുവടു വെക്കുക എന്നാണ്. മുസ്‌ലീംകളുടെ ഭിന്നിപ്പിന്റെ അല്ലെങ്കിൽ അവരുടെ രാജ്യത്തിന്റെ അസ്വസ്ഥതയുടേയും അശാന്തിയുടേയും ഫലം ആർക്കാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നോക്കുക. പക്ഷേ, അവർക്ക് മനസ്സിലാകുന്നില്ല. ഈ മുസ്‌ലിം രാഷ്ട്രങ്ങൾക്കുവേണ്ടി ഈ നാളുകളിൽ വളരെ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ.

ഭീകരവാദസംഘടനകൾ ഈ പാശ്ചാത്യരാജ്യങ്ങളിൽ നിരപരാധികളായ ആളുകളെ കൊന്നൊടുക്കി അങ്ങേയറ്റം മൃഗീയവും അക്രമപരവുമായ പ്രവർത്തിചെയത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ ഇസ്‌ലാം വിരുദ്ധ ശക്തികൾതന്നെ അമുസ്‌ലിം രാഷ്ട്രങ്ങളിൽ അത്തരം പ്രവർത്തനങ്ങൾ അത്തരക്കാരെക്കൊണ്ട് ചെയ്യിക്കുന്നതാകാതിരിക്കാനും തരമില്ല. അവരെ സഹായിക്കാൻ എന്ന പേരിലും ഭീകരപ്രവർത്തനങ്ങളിൽനിന്ന് ലോകത്തെ രക്ഷിക്കാനെന്ന പേരിലും തങ്ങളുടെ താവളം ഈ രാഷ്ട്രങ്ങളിൽ സ്ഥാപിക്കുന്നതിന് ഒരു കാരണം ഇവർക്ക് കൈയിൽകിട്ടണം!

യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളെക്കുറിച്ച് ഇവർക്ക് അറിവുണ്ടെങ്കിൽ, നിരപരാധികളെ കൊന്നൊടുക്കുന്നതും എയർപോർട്ടുകളിലും സ്റ്റേഷനുകളിലും യാത്രക്കാരേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും രോഗികളേയും കൊല്ലുന്നതും ചർച്ചുകളിൽപോയി ജനങ്ങളേയും പാതിരിമാരേയും വധിക്കുന്നതും ഇസ്‌ലാമികാധ്യാപനമല്ലെന്ന് ഇവർ അറിയേണ്ടതായിരുന്നു. കൊല്ലുക എന്നത് വിദൂരമായ കാര്യമാണ്! നബി(സ)തിരുമേനി സൈന്യത്തെ അയച്ചിരുന്നപ്പോൾ സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും പുരോഹിതന്മാരേയും പാതിരിമാരേയും കൊല്ലരുതെന്ന് നിർദേശം കൊടുത്തിരുന്നു. ആയുധമെടുക്കാത്തവർക്കും അല്ലെങ്കിൽ ഇസ്‌ലാമിന്നെതിരിൽ ഒരു വിധത്തിലും യുദ്ധത്തിൽ പങ്കെടുക്കാത്തവർക്കും ഒരുവിധ നഷ്ടവുമുണ്ടാക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു.(അൽമുഅ്ജമുൽ ഔസത് ലിത്വബ്റാനീ ഭാഗം 3 പേജ് 154 ഹദീഥുനമ്പർ 4162)

അതിനാൽ ഇത് വിശുദ്ധ ഖുർആനിന്റേയോ നബി(സ)തിരുമേനിയുടേയോ അധ്യാപനമല്ല. അവിടത്തേയും അവിടത്തെ ഖുലഫാഉർറാശിദീങ്ങളുടേയും സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിമിന്റേയും ഒരു കർമത്തിൽനിന്നും ഇത് സ്ഥാപിതവുമല്ല. അല്ലാഹു നമ്മുടെ ദീനിന്റെ പേര് ഇസ്‌ലാം എന്നു വെച്ചിരിക്കുന്നു. ഈ നാമംപോലും ഭീകരപ്രവർത്തനങ്ങളേയും ബലാൽക്കാരപ്രവർത്തനങ്ങളേയും തടയുകയും സമാധാനത്തിന്റേയും ശാന്തിയുടേയും ഐക്യത്തിന്റേയും സന്ദേശം നല്കുകയും ചെയ്യുന്നു. ഇസ്‌ലാം എന്നതിന്റെ അർഥംതന്നെ സമാധാനത്തോടെ ജീവിക്കുകയും സമാധാനം നല്കുകയും ചെയ്യുക എന്നതാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: വല്ലാഹു യദ്ഊ ഇലാ ദാരിസ്സലാമി അല്ലാഹു സമാധാനത്തിന്റേയും ശാന്തിയുടേയും വീട്ടിലേക്ക് വിളിക്കുന്നു. (10:26) ഒരു യഥാർഥ മുസ്‌ലിം നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ ദയയും അവന്റെ കൃപാകടാക്ഷവുമാണ് ചോദിക്കുന്നത്. എന്നാൽ, അക്രമികളായ ഇക്കൂട്ടർ വിശുദ്ധ ഖുർആനെ വിശ്വസിക്കുകയോ അതനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. നമസ്കരിക്കുന്നില്ല. അവർതങ്ങളുടേതായ ഒരു പുതിയ ദീനും പുതിയ ശരീഅത്തും ഉണ്ടാക്കിയിരിക്കുകയാണ്. ഒരു യഥാർഥ മുസ്‌ലിം അല്ലാഹുവിൽനിന്ന് സമാധാനം ചോദിക്കുകയും നമസ്കരിക്കുകയും ചെയ്യുമ്പോൾ ദ്രോഹങ്ങൾ ചെയ്യുന്നതിൽനിന്നും അഹങ്കാരത്തിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും രക്ഷപ്പെടുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: നമസ്കാരം ദുഷ്കർമങ്ങളിൽനിന്നും അനിഷ്ടകരമായ കാര്യങ്ങളിൽനിന്നും മനുഷ്യനെ തടയുന്നു. പിന്നീട് ഇസ്‌ലാം പറയുന്നത് 'സലാം' നടപ്പിൽ വരുത്തുകയും സമാധാനം പ്രചരിപ്പിക്കുകയും ചെയ്യുക എന്നാണ്. സലാം പറയുക എന്നത് മുസ്‌ലീംകൾക്കു മാത്രമല്ല. എന്നാൽ, പാകിസ്താനിൽ അവിടത്തെ ദേശീയനിയമം ഉലമാഇന് കീഴടങ്ങി ഇതിലും തങ്ങളുടെ പിടി മുറുക്കിയിരിക്കുകയാണ്. അല്ലെങ്കിൽ monopolize ചെയ്തിരിക്കുകയാണ്. അതായത് മുസ്‌ലീംകൾക്കല്ലാതെ മറ്റാർക്കും സലാം പറയാൻപാടില്ല!!! നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വേർതിരിവില്ലാതെ എല്ലാവർക്കും സലാം പറയുമായിരുന്നു.(സ്വഹീഹ് ബുഖാരി കിതാബുൽ ഈമാൻ ഹദീഥുനമ്പർ 12).

സമാധാനം സ്ഥാപിക്കുന്നതിനുള്ള ഇസ്‌ലാമിന്റെ കുറച്ചു സവിശേഷഗുണങ്ങളാണ് ഞാൻ വിവരിച്ചത്. വളരെ ഹ്രസ്വമായിട്ട് ഞാൻ ചില കാര്യങ്ങൾ പറഞ്ഞു. വിശദീകരണത്തിലേക്ക് പോകുകയാണെങ്കിലും മറ്റ് ഏതെങ്കിലും രീതിയിൽ നോക്കുകയാണെങ്കിലും ഏതു കല്പന എടുത്താലും ഇസ്‌ലാം ഭീകരവാദത്തിന്റെ മതമല്ലെന്നും സമാധാനത്തിന്റേയും രഞ്ജിപ്പിന്റേയും ശാന്തിയുടേയും മതമാണെന്നും കാണാം.

ലോകമനുഷ്യരുടെ മനസ്സുകളെ അതിജയിക്കാൻ കഴിയുന്നതും, ഇസ്‌ലാമിനെ ലോകത്ത് പ്രചരിപ്പിക്കാൻ സാധിക്കുന്നതും അതിന്റെ മനോഹരമായ അധ്യാപനത്താലായിരിക്കും; ഭീകരവാദികളുടേയും ഉലമാഇന്റേയും സ്വയംകൃത അധ്യാപനത്താലല്ല. അല്ലാഹു ഇക്കാലഘട്ടത്തിൽ ഇമാമാക്കുകയും നീതിമാനായ വിധികർത്താവാക്കി അയക്കുകയും ചെയ്തിട്ടുള്ള ആൾക്കാണ് ഈ വഴി കാണിക്കാൻ സാധിക്കുന്നത്. അല്ലാഹു നീതി സ്ഥാപിക്കാൻ നിയോഗിച്ചയച്ചിട്ടുള്ള വ്യക്തിക്കെ നീതിനിലനിറുത്താൻ സാധിക്കുകയുള്ളു; ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം നടപ്പാക്കാൻ കഴിയുന്നത് അല്ലാഹു ആ സ്ഥാനത്ത് നിയോഗിച്ചിട്ടുള്ള ആൾക്കാണ്.

അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. നമ്മൾ കാലത്തിന്റെ ഇമാമിനേയും വാഗ്ദത്ത മസീഹിനേയും മഹ്ദിയേയും വിശ്വസിച്ചവരാണ്. ലോകത്തിന്റെ ഈ അക്രമങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് രക്ഷപ്പെട്ടവരാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരിടത്ത് പറയുന്നു:

'ഇസ്‌ലാം അതിന്റെ അധ്യാപനത്തെ രണ്ടുഭാഗമാക്കി തിരിച്ചിരിക്കുന്നു. ഒന്നു അല്ലാഹുവിനോടുള്ള കടമകൾ. രണ്ടു മനുഷ്യരോടുള്ള കടമകൾ. അല്ലാഹുവിനോടുള്ള കടമ എന്നു പറയുന്നത് അവനെ വാജിബുൽ ഇത്വാഅത്തായി മനസ്സിലാക്കുക എന്നതാണ്. നിർബന്ധമായും അനുസരിക്കുക. മനുഷ്യരോടുള്ള കടമ എന്നു പറയുന്നത് അല്ലാഹുവിന്റെ സൃഷ്ടികളോടു സഹതാപം കാണിക്കുക. മതത്തിനോടുള്ള എതിർപ്പുകാരണത്താൽ ആരെയെങ്കിലും വേദനിപ്പിക്കുക എന്നത് നല്ല മാർഗമല്ല. സഹതാപവും സൽപെരുമാറ്റവും വേറിട്ട കാര്യമാണ്. മതത്തിനോടുള്ള എതിർപ്പ് രണ്ടാമത്തെ കാര്യമാണ്. ജിഹാദിന്റെ തെറ്റുധാരണയിൽ കിടക്കുന്ന മുസ്‌ലിം സംഘങ്ങൾ അവിശ്വാസികളുടെ മുതൽ അനുവദനീയമല്ലാത്ത വഴിയിലൂടെ കൈക്കലാക്കുന്നതും ശരിയാക്കിവെച്ചിരിക്കുകയാണ്."

പറയുന്നു: 'എന്നെക്കുറിച്ചു തന്നെയും 'ഇയാളുടെ മുതൽ കൊള്ളയടിക്കുക' എന്ന് പറഞ്ഞ് ഇക്കൂട്ടർ ഫത്‌വ നല്കിയിട്ടുണ്ട്. (അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ അനഹ്മദി ഉലമാഇന്റെ ഈ ഫത്‌വ ഇന്നും തുടർന്നുവരുന്നുണ്ട്. അവിടന്ന് പ

## ഇർശാദുന്നബവി(സ)

*"ലാ യുഅ്മിനു അഹദുക്കും ഹത്താ യുഹിബ്ബു ലീ അഖീഹി മാ യുഹിബ്ബു ലിനഫ്സിഹി"* താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരൻ ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിൽ ഒരാളും യഥാർഥ വിശ്വാസിയായിത്തീരുന്നില്ല. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബവി(സ)

*"അൽമുസ്‌ലിമു മൻ സലിമൽ മുസ്‌ലിമൂന മിൻ ല്ലിസാനിഹി വ യദിഹി."* ഏതൊരാളുടെ നാവിൽ നിന്നും കൈയിൽനിന്നും മറ്റു മുസ്‌ലീംകൾ സുരക്ഷിതരാണോ അവനാണ് യഥാർഥ മുസ്‌ലിം.

(നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

റയുന്നു:"ഇയാളുടെ മുതൽ കൊള്ളയടിക്കുക' എന്ന് ആളുകൾ ഫത്വ നല്കി. അതായത് അഹ്മദികളുടേയോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയോ)പറയുന്നു:'എന്നല്ല, അവരുടെ ഭാര്യമാരേയും എടുത്തുകൊള്ളുക എന്നും ഫത്വ നല്കി. യഥാർഥത്തിൽ ഇസ്‌ലാമിൽ ഇത്തരത്തിലുള്ള അവിശുദ്ധമായ അധ്യാപനം ഉണ്ടായിരുന്നില്ല. അതൊരു പവിത്രവും പരിശുദ്ധവുമായ മതമായിരുന്നു. ഇസ്‌ലാമിന്റെ ഉദാഹരണം നമുക്ക് ഇങ്ങനെ നല്കാവുന്നതാണ്: പിതാവ് തന്റെ പിതൃത്വത്തിന്റെ അവകാശങ്ങൾ ആഗ്രഹിക്കുന്നു. സന്താനങ്ങളിൽ ഒരാൾക്ക് മറ്റൊരാളോടു സഹതാപം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതുപോലെ. ഒരാൾ മറ്റൊരാളെ കൊല്ലണമെന്ന് അയാൾ ആഗ്രഹിക്കുകയില്ല. അല്ലാഹുവിന് ഒരു പങ്കാളിയും ഉണ്ടാകരുതെന്നാണ് ഇസ്‌ലാമും ആഗ്രഹിക്കുന്നത്. മനുഷ്യകുലത്തിൽ സ്നേഹവും ഐക്യവും ഉണ്ടാകണമെന്നുള്ളതും അതിന്റെ ഇച്ഛയാണ്."(ലക്ചർ ലുധിയാന, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 281)

അതിനാൽ ഈ അധ്യാപനം സ്വായത്തമാക്കി മുസ്‌ലീംകൾക്ക് ലോകത്ത് വീണ്ടും ഇസ്‌ലാമിന്റെ പ്രൗഢിയും പ്രതാപവും സ്ഥാപിക്കാൻ കഴിയും. അതായത് അല്ലാഹുവിനോടുള്ള കടമയും തിരിച്ചറിയുക. പരസ്പരമുള്ള കടമയും തിരിച്ചറിയുക. ആര് ഏതുമതവുമായി ബന്ധം വെക്കുന്നുവെന്ന് പരിഗണിക്കാതെ മനുഷ്യകുലത്തിൽ സ്നേഹവും മൈത്രിയും ഉണ്ടാക്കാൻ ശ്രമിക്കുക. അക്രമം പ്രവർത്തിച്ച് നിരപരാധികളെ കൊന്നൊടുക്കുന്നതിനു പകരം ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും അനുരഞ്ജനത്തിന്റേയും വാളുകൊണ്ട് മനസ്സുകൾക്ക് മുറിവേല്പിച്ച് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാല്പാദങ്ങളിൽ കൊണ്ടുവന്നിടുക. ചാവേർ ആക്രമണം നടത്തിയോ അക്രമം ചെയ്തോ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുന്നതിനു പകരം അവന്റെ സന്തോഷവും സാമീപ്യവും കരസ്ഥമാക്കാൻ ശ്രമിക്കുക. ഇസ്‌ലാമിന്റെ മടിത്തട്ടിനെ പിതാവിന്റെ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും തണലാക്കുക. തങ്ങളുടെ അക്രമപരമായ പ്രവർത്തനംകൊണ്ട് ഇസ്‌ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കും ആക്രമണം നടത്തുന്നവർക്കും കൂടുതൽ അവസരം നല്കാതിരിക്കുക.

വഴിതെറ്റിക്കിടക്കുന്ന ഈ ആളുകൾ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന ഓരോ ആക്രമണവും മുമ്പത്തേക്കാളുപരി നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻനമ്മളോടു പറയുന്നവയായിരിക്കേണ്ടതാണെന്ന കാര്യം അഹ്മദികളായ നമ്മളും ഓർക്കേണ്ടതാണ്. ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കുന്ന എല്ലാ ഓരോ പ്രവർത്തനത്തിനുശേഷവും നമ്മൾ ലോകത്തോടു എന്റെ മതത്തിന്റെ അടിത്തറ ശാന്തിയിലും സമാധനത്തിലുമാണെന്ന് പറയേണ്ടതാണ്. നമ്മളിൽ എല്ലാ ഓരോരുത്തരും ഇതു പറയേണ്ടതാണ്. ഇസ്‌ലാമിനെ പിന്തുടരുന്നവരിൽ ആരെങ്കിലും സമാധാനവും ശാന്തിയും കെടുത്തിക്കളയുന്ന ഇത്തരം പ്രവർത്തനം നടത്തിയാൽ ആ വ്യക്തി അല്ലെങ്കിൽ ആ ഗ്രൂപ്പിന്റെ വ്യക്തിഗതമായതും സ്വാർഥപരമായതുമായ നേട്ടം കരസ്ഥമാക്കുന്നതിനുള്ള പ്രവർത്തനമായിരിക്കുമത്. ഇസ്‌ലാമികാധ്യാപനവുമായി അതിന് ഒരു ബന്ധവുമില്ല. ഇത് അടിമുടി അനുവദനീയമല്ലാത്ത കാര്യങ്ങളാണ്. ഇങ്ങനെ പ്രവർത്തിക്കുന്നവർക്കായിരിക്കും അതിന്റെ പൂർണമായ ഉത്തരവാദിത്വം. ഇസ്‌ലാമികാധ്യാപനങ്ങൾക്കായിരിക്കുകയില്ല.

അഹ്മദിയ്യാ ജമാഅത്ത് ഇക്കാര്യത്തിനായി എല്ലാ രാജ്യത്തും പ്രവത്തിക്കുന്നുവെന്നത് അല്ലാഹുവിന്റെ കൃപാകടാക്ഷമാണ്. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ മാധ്യമങ്ങൾ മുഖേന ഇതിന് നല്ല സ്വാധീനവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവരുടെ കോളം എഴുതുന്നവർ സ്വയം ഇത് എഴുതുന്നുമുണ്ട്. ഫ്രാൻസിൽ പാതിരിയെ അക്രമപരമായി കൊലപ്പെടുത്തി. അതിനെ കുറിച്ചുതന്നെ ഇവിടെ ഒരു എഴുത്തുകാരൻ എഴുതി: 'ലോകത്ത് മതപരമായ യുദ്ധം തുടങ്ങി കഴിഞ്ഞിരിക്കുന്നുവെന്നതിലേക്ക് ഈ പ്രവൃത്തി നമ്മുടെ ശ്രദ്ധതിരിക്കുന്നു.' പക്ഷേ, അദ്ദേഹം സ്വയം എഴുതുന്നു, 'യാഥാർഥ്യമിതല്ല. ഇത് മതത്തിന്റെ മറവിൽ സ്വാർഥമതികളും ആത്മീയരോഗികളും നടത്തുന്ന യുദ്ധമാണ്.'

പോപ് സാഹിബും വളരെ നല്ല പ്രസ്താവനയാണ് നല്കിയത്: 'ഇത് ആഗോള യുദ്ധം ആയിത്തീർന്നിരിക്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, ഇത് മതയുദ്ധമല്ല. മറിച്ച് സ്വാർഥതാൽപര്യങ്ങളുടെ യുദ്ധമാണ്. തങ്ങളുടേതായ നേട്ടങ്ങൾ ആഗ്രഹിക്കുന്നവരുടെ യുദ്ധമാണ്. കാരണം ഒരു മതവും അക്രമം ചെയ്യാൻ പഠിപ്പിക്കുന്നില്ല. ഇന്നും ഈ അന്യർ തന്നെയാണ് തങ്ങളുടെ ആളുകളെ സംരക്ഷിക്കുന്നത്. പക്ഷേ, ഈ അക്രമം വർധിച്ചുകൊണ്ടുപോകുമ്പോൾ അതിന് പ്രതികരണവും ഉണ്ടാകുന്നു. അതുകൊണ്ട് നമ്മുടെ ഉത്തരവാദിത്വങ്ങൾ ഒരുപാട് വർധിച്ചിരിക്കുന്നു; നമ്മൾ നമ്മുടെ ഇസ്‌ലാമിന്റെ സമാധാനസന്ദേശം ലോകത്തെല്ലായിടത്തും എത്തിക്കുക.

എന്തായാലും ഒരു ഭാഗത്ത് ഇതാണുള്ളത്. പക്ഷേ, നമ്മുടെ സന്ദേശം എത്തിയിട്ടുള്ള ആളുകളുമുണ്ട്. എന്നാൽ, അവർ നെഗറ്റീവായിട്ടുള്ള അർഥം അണിയാനാണ് ശ്രമിക്കുന്നത്. ആരോ എനിക്കെഴുതി: ഒരാൾ അയാൾ ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായ ആളാണെന്നാണ് തോന്നുന്നത് ഞാൻ പറഞ്ഞതായി ഒരു ട്വീറ്റ് (Tweet)ചെയ്തു. അതിൽ അയാൾ എന്റെ ഫോട്ടോയും കൊടുത്തിരുന്നുവെന്ന് തോന്നുന്നു. ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. നബി(സ)തിരുമേനി അക്രമവും ബലാൽക്കാരവും വിരോധിക്കുകയാണ് ചെയ്തത്. ഈ വിവരണത്തിനുശേഷം പിന്നീട് സ്വന്തം നിലയിൽ അയാൾ പരിഹാസരൂപേണ ഇങ്ങനെ എഴുതി:'ഈ കല്പന സ്ത്രീകൾക്കുള്ളതല്ല. ഇസ്‌ലാം ഉപേക്ഷിക്കുന്നവർക്കുമല്ല. മുർത്തദ്ദായിപോകുന്നവർക്കുമല്ല. ഇന്ന കാര്യത്തിനല്ല. ഇന്ന കാര്യത്തിനല്ല." ഇത്തരക്കാരുമുണ്ട്. ഇസ്‌ലാമിന്റെ സമാധാന കാംക്ഷയുടെ ചിത്രം അഹ്മദിയ്യാ ജമാഅത്ത് സമർപിക്കുമ്പോൾ ജനങ്ങൾ അതിൽ ആകൃഷ്ടരാകുന്നു. ആ ആകർഷണം ഇല്ലാതാക്കുന്നതിനുവേണ്ടി ഇവർ ശ്രമിക്കുന്നു. ഇതിനായി ഇക്കാലത്ത് ട്വീറ്റ്(Tweet)ഫെയ്സ്ബുക്ക്(Facebook) തുടങ്ങി മറ്റു വിവിധ മാർഗങ്ങൾ സ്വീകരിക്കുന്നു. ഇതിൽ ആയിരക്കണക്കിനാളുകൾവരെ എന്നല്ല ലക്ഷക്കണക്കിനാളുകൾവരെ ഈ സന്ദേശമെത്തുന്നു. അതിനാൽ അത്തരം ആളുകളിലും ദൃഷ്ടി വെക്കേണ്ടത് നമ്മുടെ ജോലിയാണ്. അവർക്കു മറുപടി കൊടുക്കുക എന്നതും നമ്മുടെ ജോലിയാണ്.

ലോകം മുഴുവൻവനും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കാനുള്ള ഒരുപാടു ജോലികളാണ് ഇപ്പോഴുള്ളത്. അതു നമ്മൾ ചെയ്യേണ്ടതാണ്. ലോകത്ത് അഹ്മദിയ്യാ ജമാഅത്തുമുഖേന ആദ്യംമുതലേ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന പ്രവർത്തി വളരെ അധികം നടന്നു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, തൃപ്തികരമായ നിലയിൽ അതുനടന്നുകഴിഞ്ഞുവെന്ന് ഇപ്പോൾ നമുക്ക് പറയാൻ പറ്റുകയില്ല.

അമുസ്‌ലീംകളിൽനിന്ന് ഇസ്‌ലാമിന്നെതിരിലും മുസ്‌ലീംകളിൽനിന്ന് അഹ്മദിയ്യാ ജമാഅത്തിന്നെതിരിലും എതിർപ്പ് നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് വളരെ യുക്തിയോടും കഠിനാധ്വാനത്തോടുംകൂടി പ്രവർത്തിക്കേണ്ടി വരും. ലോകത്ത് പരക്കേണ്ട മതമാണ് ഇസ്‌ലാം എന്നതിൽ ഒരു സംശയുമില്ല. ഇൻശാഅല്ലാഹ്. ഇസ്‌ലാമിന്റെ പുനഃരുഥാനം അഹ്മദിയ്യാ ജമാഅത്തുമുഖേനയാണ് നടക്കേണ്ടതെന്നതിലും സംശയമില്ല. ഇൻശാ അല്ലാഹ്. ഇത് അല്ലാഹു വിധിച്ചിട്ടുള്ളതാണ്. പക്ഷേ, നമ്മൾ നമ്മുടെ ജീവിതത്തിൽ ഈ ദൃശ്യം കാണുന്നതിനും നമ്മുടെ ബലഹീനതയും വീഴ്ചകളും ഈ അഭിവൃദ്ധിയെ നമ്മളിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്നതാകാതിരിക്കാനും പരിശ്രമിക്കുകയും ദുആ ചെയ്യുകയും വേണം. അതുകൊണ്ട് നമ്മുടെ തെറ്റുകൾ മറച്ചുവെക്കുന്നതിനും അല്ലാഹുവിന്റെ കൃപാകടാക്ഷം ആകർഷിച്ചെടുക്കുന്നതിനുംവേണ്ടി അധ്വാനിക്കുകയും ദുആചെയ്യുകയും ചെയ്യേണ്ട ആവശ്യം നമുക്കുണ്ട്. ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാം വിരുദ്ധശക്തികളും നമുക്കെതിരാണ്. നാമധാരികളായ ഉലമായുടെ പിന്നാലെ നടക്കുന്ന മുസ്‌ലീംകളും നമുക്കെതിരാണ്. പക്ഷേ, നമ്മൾ എല്ലാ ഭയവും അകറ്റിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ പൂർത്തീകരണത്തിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.

ചില പത്രപ്രവർത്തകരുണ്ട്. പത്രപ്രതിനിധികളുണ്ട്. അവർ ചോദ്യവും ചോദിക്കുന്നു. യൂറോപ്പിലും എന്നോടു ചോദിക്കുകയുണ്ടായി. ഇപ്രാവശ്യം പര്യടനവേളയിൽ സ്യൂഡനിലും ഒരു പത്രപ്രവർത്തകൻ ചോദിക്കുകയുണ്ടായി. താങ്കൾക്ക് ഭീകരവാദിഗ്രൂപ്പുകളിൽനിന്ന് എതിർപ്പുണ്ട്. താങ്കളുടെ ജീവന് ഭീഷണിയുണ്ട്. താങ്കൾ എങ്ങനെയാണ് പ്രവർത്തിക്കുക? ഞാൻ പറഞ്ഞു,'എനിക്കു ഭീഷണിയുണ്ടെന്നത് ശരി തന്നെയാണ്. ജമാഅത്തംഗങ്ങൾക്ക് ഭീഷണിയുണ്ട്. പക്ഷേ, ഈ ഭീഷണിക്ക് ഞങ്ങളുടെ ജോലി തടയാൻ സാധിക്കുകയില്ല. ഭീഷണി ഇപ്പോൾ എല്ലാവർക്കും എല്ലായിടത്തുമുണ്ട്. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, 'താങ്കൾക്കും ഭീഷണിയുണ്ട്.' ഇതിൽ അഹ്മദിയെന്നോ അമുസ്‌ലിമെന്നോ എന്ന പ്രശ്നമില്ല. ഈ സ്വർഥമതികളുടെ അജൻഡ അനുസരിച്ച് പ്രവർത്തിക്കാത്തവരും അവർ പറയുന്നതിനോടു യോജിക്കാത്തവരുമായിട്ടുള്ള എല്ലാവരുടേയും ജീവൻ അപകടത്തിലാണ്. പക്ഷേ, അഹ്മദികളുടെ എതിരാളികളിൽ ദേശീയവാദികളും ഇസ്‌ലാം വിരോധികളുമുണ്ട്. ഞങ്ങൾക്ക് രണ്ടുഭാഗത്തുനിന്നും ഭീഷണിയുണ്ട്. പക്ഷേ, ഒരു മുഅ്മിൻ ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെ ഈമാനിൽ നിലകൊള്ളുന്നതാണ്. ഇൻശാ അല്ലാഹ് എല്ലാ അഹ്മദികളും നിലകൊള്ളുന്നതായിരിക്കും.

ലോകത്തിന്റെ അവസ്ഥ നന്നായിത്തീരുന്നതിനും എല്ലാ അഹ്മദികളും എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനും ജമാഅത്തെന്ന നിലയിൽ ജമാഅത്തിലെ അംഗങ്ങൾ എല്ലായിടത്തും ദ്രോഹികളുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയും ദുആകളിലേക്കും സ്വദഖകളിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഈ നാളുകളിൽ പ്രത്യേകമായ നിലയിൽ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ലോകത്തിന്റെ അവസ്ഥ ഈയിടെയായി അങ്ങേയറ്റം വഷളായിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുകയും ഇസ്‌ലാമിന്റെ പേരിൽ അക്രമവും കൈയേറ്റവുംചെയ്ത് അല്ലാഹുവിന്റെ ദീനിന് ചീത്തപ്പേരുണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ദ്രോഹികളുടെ ദ്രോഹപ്രവൃത്തികൾ അവരിലേക്കുതന്നെ അല്ലാഹു മറിച്ചിടുമാറാകട്ടെ. അല്ലാഹു അവരെ പിടിക്കാനുള്ള ഏർപാട് എത്രയും വേഗം ചെയ്യുമാറാകട്ടെ. എല്ലാ ബലാകളേയും ബുദ്ധിമുട്ടുകളേയും അകറ്റുമാറാകട്ടെ.

നബി(സ)തിരുമേനി ദുആകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു, 'ആർക്കുവേണ്ടിയാണോ ദുആയുടെ കവാടം തുറക്കപ്പെട്ടത് അതിന്റെ അർഥം അവനുവേണ്ടി റഹ്മത്തിന്റെ

## ഇർശാദുന്നബ്‌വി(സ)

*"അൽ യമിനുൽ ഫാജിറത്തു തദ്ഉദ്ദിയാറ വലാഖിഅ്"* കള്ള സത്യം വീടുകളെ വിജനമാക്കുന്നു. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

*"ഖയ്റുക്കും മൻ തഅല്ലമൽ ഖുർആന വ അല്ലമഹു"* നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവനാകുന്നു. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

*"അത്തായിബു മിനദ്ദൻബി കമൻല്ലാ ദമ്പലഹു"* പാപത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നയാൾ ഒരു പാപവുമില്ലാത്തവനെപ്പോലെയാണ്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

കവാടം തുറക്കപ്പെട്ടുവെന്നാണ്. അല്ലാഹുവിനോടു എന്തൊരു കാര്യമാണോ ചോദിക്കപ്പെടുന്നത് അവയിൽനിന്ന് ഏറ്റവുമധികം അവന് അതായത് അല്ലാഹുവിന് പ്രിയപ്പെട്ടത് ആഫിയത്ത് (സൗഖ്യം) ചോദിക്കലാണ്. അവന്റെ സൗഖ്യത്തിൽ വരുന്നത് അവന് പ്രിയപ്പെട്ടതാണ്.' പിന്നീട് നബി(സ)തിരുമേനി പറഞ്ഞു:'വന്നു കഴിഞ്ഞിട്ടുള്ള പരീക്ഷണത്തിന്നെതിരിലും വന്നിട്ടില്ലാത്തതായ പരീക്ഷണത്തിന്നെതിരിലും ദുആ ഫലം പ്രദാനം ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ദാസരേ! ദുആ ചെയ്യുന്ന മാർഗം സ്വീകരിക്കുക എന്നത് നിങ്ങൾക്ക് നിർബന്ധമാണ്.' (സുനനുത്തുർമുദി അബ്വാബുദ്ദഅ്വാത്ത് ഹദീഥ് 3548)

പിന്നീട് അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു,' അല്ലാഹുവിന്റെ പക്കൽ ദുആയെക്കാൾ കൂടുതൽ ആദരാർഹമായ മറ്റൊരു കാര്യവുമില്ല.'(സുനനുത്തുർമുദി അബ്വാബുദ്ദഅ്വാത്ത് ഹദീഥ് 3370)

നബി(സ)തിരുമേനി ദാനധർമങ്ങളെ(സ്വദഖ) കുറിച്ചു പറഞ്ഞു,'പരീക്ഷണങ്ങളിൽനിന്നും തീയിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി സ്വദഖകൾ കൊടുക്കുക.' (കൻസുൽഉമ്മാൽ വാല്യം 5 പേജ് 148 കിതാബുസ്സക്കാത്ത്)

എന്നല്ല നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു, 'സ്വദഖ കൊടുക്കുക എന്നത് എല്ലാ മുസ്ലീംകളുടേയും നിർബന്ധ കടമയാണ്. ഒന്നും കൈയിലില്ലാത്തവർ എന്തു ചെയ്യുമെന്ന് സ്വഹാബാക്കൾ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു, 'അവർ നല്ല കാര്യങ്ങൾ ചെയ്യട്ടെ. ഇസ്ലാമിക കല്പനകളനുസരിച്ച് പ്രവർത്തിക്കട്ടെ. തിന്മകൾ തടയട്ടെ. ഇതാണ് അവർക്കുള്ള സ്വദഖ.'(സ്വഹീഹ് ബുഖാരി കിതാബുൽ അദബ് ഹദീഥ് 6022)

പക്ഷേ, ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആരാണോ ധനം സ്വദഖ നല്കിയത് അവൻ നല്ലകാര്യങ്ങളനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിലും ചീത്തക്കാര്യങ്ങളെ തടഞ്ഞില്ലെങ്കിലും ഒന്നും സംഭവിക്കുകയില്ലെന്നല്ല. കാരണം അതിനുപകരമാണല്ലോ സ്വദഖ കൊടുത്തത്. അങ്ങനെയല്ല. ഇത് തന്റെ ദാസരുടെമേലുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ദൃഷ്ടിയാണ്. അതായത് ആരെങ്കിലും നിർബന്ധിതനാണെങ്കിൽ, പണമില്ലെങ്കിൽ, നന്മ ചെയ്യുകയും തിന്മയെ തടയുകയും ചെയ്യുക എന്നതുതന്നെ അവന് സ്വദഖയായിത്തീരുന്നതാണ്. അല്ലാതെ ഇതനുസരിച്ച് ഒരുവൻ പ്രവർത്തിക്കുന്നില്ലെങ്കിൽ അതായത് നന്മകൾ ചെയ്യുന്നില്ലെങ്കിൽ തിന്മകൾ തടയുന്നില്ലെങ്കിൽ അവന്റെ ധനംകൊണ്ടുള്ള സദഖയും ഒരു പ്രാധാന്യവും ഉൾക്കൊള്ളുന്നില്ല. കാണിക്കാൻവേണ്ടി നമസ്കരിക്കുന്നവരുടെ നമസ്കാരങ്ങൾക്ക് ഒരു പ്രാധാന്യവും കൊടുക്കാതെ അവരുടെ മുഖത്തേക്ക് തന്നെ വലിച്ചെറിയുന്നതുപോലെ സദഖയ്ക്കും ഒരുപ്രാധാന്യവുമില്ല. ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നത് അവൻ സ്വദഖ കൊടുക്കുകയും ദുആകൾ ചെയ്യുകയും ചെയ്യുമ്പോൾ തന്റെ എല്ലാ കർമങ്ങളേയും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് വാർത്തെടുക്കാനും ശ്രമിക്കുന്നു. അത്തരം അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളെ ആകർഷിച്ചെടുക്കുന്നതിന് മാർഗമായിത്തീരുന്നു. ബുദ്ധിമുട്ടുകളിൽനിന്നും നാശങ്ങളിൽനിന്നും മനുഷ്യനെ രക്ഷിക്കുകയും ചെയ്യുന്നു. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു,' സ്വദഖയും ദുആയും കൊണ്ട് ബലാകൾ അകന്നുപോകുന്നതാണ്.' (മൽഫൂദാത്ത് വാല്യം 7 പേജ് 81–82 1985 ലണ്ടൻ പതിപ്പ്)

പിന്നീട് ദുആ സ്വീകരിക്കപ്പെടുന്നതിന് എന്തു അവസ്ഥയാണ് ഉണ്ടാവേണ്ടത് എന്നതിനെ സംബന്ധിച്ച് അവിടന്ന് പറയുന്നു: 'ദുആ സ്വീകരിക്കപ്പെടുന്നതിന് മനുഷ്യൻ തന്റെ ഉള്ളിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കേണ്ടതും നിർബന്ധമാണ്. തിന്മകളിൽനിന്ന് രക്ഷപ്പെടാൻ കഴിയാതിരിക്കുകയും അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുകയുമാണെങ്കിൽ ദുആകളിൽ ഒരു സ്വാധീനവും ഉണ്ടാകുകയില്ല.'(മൽഫൂദാത്ത് വാല്യം 7 പേജ് 27 1985 ലണ്ടൻ പതിപ്പ്)

അതിനാൽ അല്ലാഹുവിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് അല്ലാഹുവിന്റെ കൃപാകടാക്ഷം ആകർഷിച്ചെടുത്തു മുന്നോട്ടുപോകുന്നവരാകാൻ ദുആകളിലും സ്വദഖകളിലും സമ്മർദം ചെലുത്താൻ വളരെയധികം നമ്മൾ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ ദുആകളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു:

'ഞാൻ എപ്പോഴും ദുആ ചെയ്യുന്നു. എന്നാൽ, നിങ്ങളും എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നമസ്കരിക്കുക. തൗബ ചെയ്തുകൊണ്ടിരിക്കുക. ഈ അവസ്ഥ ഉണ്ടായാൽ അല്ലാഹു നിങ്ങളെ കാത്തുസൂക്ഷിക്കുന്നതാണ്. വീട്ടിൽ മുഴുവൻ ഒരാൾ അങ്ങനെയുണ്ടെങ്കിൽ അല്ലാഹു അവൻ നിമിത്തമായി മറ്റുള്ളവരേയും സംരക്ഷിക്കുന്നതായിരിക്കും.' പറഞ്ഞു, 'പ്രത്യേകമായ ഈമാൻ കൈക്കൊള്ളുന്നവരിലേക്ക് അല്ലാഹു മടങ്ങുന്നു. അവൻതന്നെ അവരെ സംരക്ഷിക്കുകയും ചെയ്യുന്നു.'

പിന്നീട് അവിടന്ന് പറഞ്ഞു, 'അല്ലാഹു ഒരിക്കലും ഒരു സത്യസന്ധനോടും വിശ്വാസവഞ്ചന കാണിക്കുകയില്ല. ലോകം മുഴുവൻ അവന്റെ ശത്രുവാണെങ്കിലും അവനോടു ശത്രുത പുലർത്തിയാലും അവന് ഒരു വിഷമവും ഉണ്ടാക്കാൻ സാധിക്കുകയില്ല. അല്ലാഹു വലിയ ശക്തിയുള്ളവനും പ്രതാപവാനുമാണ്. മനുഷ്യൻ ഈമാന്റെ ശക്തിയോടുകൂടി അവന്റെ സംരക്ഷണത്തിന്റെ കീഴെ വരുന്നു. അവന്റെ ശക്തികളുടേയും കഴിവുകളുടേയും ദിവ്യാത്ഭുതങ്ങൾ കാണുന്നു. പിന്നീട് അവനിൽ ഒരു നിന്ദതയും വരികയില്ല. ഓർമിക്കുക! അല്ലാഹു ശക്തനിൽ ശക്തനാണ്.(ആരെങ്കിലും ശക്തവാനായിട്ടുണ്ടെങ്കിൽ അവനെക്കാൾ ശക്തവാനാണ്). പറഞ്ഞു: 'എന്നല്ല തന്റെ കല്പനകളിലും അജയ്യനാണ്. സത്യഹൃദയത്തോടെ നമസ്കരിക്കുക. ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. നിങ്ങളുടെ എല്ലാ ബന്ധുക്കൾക്കും മിത്രങ്ങൾക്കും ഈ പാഠം നല്കുക. പൂർണമായ നിലയിൽ അല്ലാഹുവിലേക്ക് തിരിഞ്ഞിട്ടുള്ള ആരും നഷ്ടം വഹിക്കുകയില്ല. നഷ്ടത്തിന്റെ യഥാർഥ വേര് പാപമാണ്."(മൽഫൂദാത്ത് വാല്യം 5 പേജ് 67–70 1985 ലണ്ടൻ പതിപ്പ്)

അതിനാൽ നമ്മൾ ആത്മാർഥരായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോടു സഹായം ചോദിക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. അവൻ എല്ലാ ബലാകളേയും ബുദ്ധിമുട്ടുകളേയും അകറ്റുമാറാകട്ടെ. ശത്രുക്കളെ നിരാശപ്പെട്ടവരും നഷ്ടപ്പെട്ടവരുമാക്കുമാറാകട്ടെ. ജമാഅത്തിന്നെതിരിലുള്ള എതിരാളികളുടെ എല്ലാ ആയുധങ്ങളേയും ആക്രമണങ്ങളേയും വിഫലമാക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

അല്ലാഹു വിശുദ്ധ ഖുർആനിലും നമ്മെ ചില ദുആകൾ പഠിപ്പിച്ചിട്ടുണ്ട്. അതും ചൊല്ലേണ്ടതാണ്. മനസ്സിലാക്കി ചൊല്ലേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുർആനിക ദുആകളെ കുറിച്ച് നമുക്ക് ഈ മാർഗദർശനം നല്കുകയും ഈ പോയന്റ് വിവരിച്ചു തരികയും ചെയ്തിട്ടുണ്ട്. അതായത് അല്ലാഹു വിശുദ്ധ ഖുർആനിൽ പഠിപ്പിച്ചിട്ടുള്ള ദുആകൾ, അത് പറഞ്ഞിട്ടുള്ളതുതന്നെ ഒരു മുഅ്മിൻ ആത്മാർഥനായിക്കൊണ്ട് ഈ ദുആകൾ ചെയ്താൽ അല്ലാഹു അത് സ്വീകരിക്കുമെന്നുള്ളതുകൊണ്ടാണ്. അതിനാൽ ബലാകൾ അകലുന്നതിനും ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും നമ്മൾ ഈ ഖുർആനിക ദുആകളിൽ ശക്തി ചെലുത്തേണ്ടതാണ്. വിശുദ്ധ ഖുർആൻ ഒരു ദുആ നമ്മെ പഠിപ്പിച്ചിട്ടുള്ളത് ഇതാണ്. അതുനമ്മൾ പൊതുവെ നമസ്കാരങ്ങളിൽ ചൊല്ലുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഇത് അധികമായി ചൊല്ലാൻ പറഞ്ഞിട്ടുണ്ട്. ഇതാണ് ആ ദുആ: റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ(2:202) അല്ലാഹുവേ! ഞങ്ങളെ ഈ ലോകത്തിലെ നന്മകൾകൊണ്ട് അനുഗ്രഹിക്കേണമേ. പരലോകത്തെ നന്മകൾ കൊണ്ടും അനുഗ്രഹിക്കേണമേ. തീയുടെ ശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതുസംബന്ധമായി പറയുന്നു:'മനുഷ്യൻ തന്റെ ആത്മാവിന്റെ സന്തോഷത്തിന് രണ്ടു കാര്യങ്ങളുടെ ആശ്രിതനാണ്. ഒന്ന് ലോകത്തെ ഹ്രസ്വമായ ജീവിതം. അതിലുണ്ടാകുന്ന വിപത്തുകളിൽനിന്നും കഠിനമായ പരീക്ഷണങ്ങൾ തുടങ്ങിയവയിൽനിന്നും സമാധാനത്തിലിരിക്കുക. രണ്ടാമത്തേത് അവനെ അല്ലാഹുവിൽനിന്ന് അകറ്റുന്ന കുഴപ്പങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും മറ്റു ആത്മീയരോഗങ്ങളിൽനിന്നും മോചനം നേടുക. പറഞ്ഞു, ദുൻയാവിലെ ഹസന(നന്മ) എന്നത് ശാരീരികവും ആത്മീയവുമായിട്ടുള്ള എല്ലാ ബലാകളിൽനിന്നും അശുദ്ധ ജീവിതത്തിൽനിന്നും നിന്ദ്യതയിൽനിന്നും സുരക്ഷിതനായിരിക്കുക എന്നതാണ്. പറഞ്ഞു: 'ഫിൽ ആഖിറത്തി ഹസന' എന്നത് പരലോകത്തിന്റെ വശമാണ്–അതും ദുൻയാവിലെ നന്മയുടെ ഫലമാണ്." (അതിന്റെ കനിയാണ്. ഇതിന്റെ ഫലമായിട്ട് ലഭിക്കുന്നതാണ്.)'ദുൻയാവിലെ നന്മ മനുഷ്യന് കിട്ടിയാൽ ആ ശുഭശകുനം ആഖിറത്തിനുവേണ്ടിയുള്ളതാണ്.'(മൽഫൂദാത്ത് വാല്യം 4 പേജ് 302–303 1985 ലണ്ടൻ പതിപ്പ്)

പിന്നീട് തീയുടെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു, 'ഇതുകൊണ്ടുള്ള ഉദ്ദേശ്യം പരലോകത്തുണ്ടാകുന്ന തീ മാത്രമല്ല. ഇഹലോകത്തും ആയിരക്കണക്കിന് തരം തീകളുണ്ട്.' ഇതുസംബന്ധമായി പിന്നീട് അവിടന്ന് പറഞ്ഞു, 'ഇതിൽ പലരീതിയിലുള്ള വ്യാകുലതകളുമുണ്ട്. ഭയമുണ്ട്. ബന്ധുക്കളുമായിട്ടുള്ള ഇടപാടുകളുണ്ട്. രോഗങ്ങൾ തുടങ്ങിയവയുമുണ്ട്. ഈ വസ്തുക്കളെല്ലാം അതിൽ പെടുന്നു.' പറഞ്ഞു: 'എല്ലാ തരത്തിലുള്ള തീകളിൽനിന്നും രക്ഷിക്കേണമേ എന്ന് മുഅ്മിൻ ദുആ ചെയ്യുന്നു.'(മൽഫൂദാത്ത് വാല്യം 5 പേജ് 190 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവസ്ഥകൾ മോശമാകുമ്പോൾ, പരീക്ഷണമുണ്ടാകുമ്പോൾ, ചിലപ്പോൾ മനുഷ്യന് പിടിച്ചുനില്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ശത്രുക്കൾക്കെതിരിൽ ഉറച്ചു നില്ക്കാൻ നമ്മെ ദുആ പഠിപ്പിച്ചു. അല്ലാഹുവിന്റെ സഹായം കരസ്ഥമാക്കാനുള്ള ദുആ പഠിപ്പിച്ചു: റബ്ബനഗ്ഫിർലനാ ദനൂബനാ വ ഇസ്റാഫനാ ഫീ അംറിനാ വ ഥബ്ബിത്ത് അഖ്ദാമനാ വൻസ്വുർനാ അലൽ ഖൗമിൽ കാഫിരീൻ. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.(3:148) ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു: 'അല്ലാഹു പൊറുത്തു തരുന്നവനല്ലായിരുന്നെങ്കിൽ ഇത്തരം ദുആ ഒരിക്കലും പഠിപ്പിക്കുമായിരുന്നില്ല.'(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ വാല്യം 23 പേജ് 25)

വിശുദ്ധ ഖുർആന്റെ മറ്റൊരു ദുആയാണ് റബ്ബി ഇന്നീ ലിമാ അൻസൽത്ത ഇലയ്യ മിൻ ഖയ്റിൻ ഫഖീർ എന്റെ നാഥാ! നീ എനിക്ക് ഇറക്കിത്തരുന്ന ഗുണകരമായ ഏതൊന്നിനും ഞാൻ ആവശ്യക്കാരനാണ്(28:25)ഈ ദുആയും ചെയ്യേണ്ടതാണ്. വിശുദ്ധഖുർആനിൽ മറ്റു ഒരുപാട് ദുആകളുമുണ്ട്. അവയെല്ലാം അല്ലാഹുവിന്റെ കൃപാകടാക്ഷം ആകർഷിച്ചെടുക്കുന്നതിനുവേണ്ടി ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു,'അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ ദുആകളെക്കുറിച്ച് പറഞ്ഞത്, അവ സ്വീകരിക്കാൻ മനുഷ്യൻ നിഷ്കളങ്കനായി അവനോടു ചോദിക്കാനാണ്.'

പിന്നീട് നബി(സ)തിരുമേനിയുടെ ദുആകളുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദുആയെ കുറിച്ച് അദ്ദേഹം പറയുന്നു:'ഇത് എന്നിൽ ഇടപ്പെട്ടതാണ്. അതായത് അല്ലാഹു എന്നെ ഈ ദുആ പഠിപ്പിച്ചു. അതിതാണ്: റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ പറഞ്ഞു, 'എന്റെ മനസ്സിൽ ഇത് ഇസ്മെ അഅ്ളമാണെന്ന് ഇടപ്പെട്ടു. ഈ വാക്യങ്ങൾ ആരാണോ ചൊല്ലുന്നത് എല്ലാ ആപത്തുകളിൽനിന്നും അവൻ മോക്ഷം പ്രാപിക്കുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 4 പേജ് 264 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു ജമാഅത്തിനെ മൊത്തമായ നിലയിലും ജമാഅത്തംഗങ്ങളെ വ്യക്തിപരമായ നിലയിലും എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എതിരാളികളുടെ ഉപദ്രവങ്ങൾ അവരിൽത്തന്നെ മറിച്ചിടുമാറാകട്ടെ. മുസ്ലീംകൾക്ക് ബുദ്ധിയും ഗ്രാഹ്യവും നല്കുമാറാകട്ടെ. അവർ അല്ലാഹു അയച്ചയാളുടെ ശബ്ദം കേൾക്കുമാറാകട്ടെ. ഒരൊറ്റ

സമുദായമായിക്കൊണ്ട് ഇസ്‌ലാമിന്റെ സമാധാന നിർഭരവും മനോഹരവുമായ അധ്യാപനങ്ങളെ ലോകത്ത് സ്ഥാപിക്കുന്നവരും പ്രചരിപ്പിക്കുന്നവരുമാക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ മൂന്നു ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ എവൻ വെർണൻ (Evan Vernon)സാഹിബിന്റേതാണ്. (Belize) വാസിയാണ്. കഴിഞ്ഞ ദിവസം 49-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. Belize ജമാഅത്തിന്റെ ആദ്യകാല അഹ്മദികളിൽപ്പെട്ടയാളായിരുന്നു. ഇപ്പോൾ തബ്‌ലീഗ് സെക്രട്ടറി എന്ന നിലയിൽ സേവനം ചെയ്തുവരികയായിരുന്നു. 2014 ലെ യു.കെ. ജൽസ സാലാനയിലും പങ്കെടുത്തിരുന്നു. വളരെ ആസക്തനും ആത്മാർഥനും ആവേശവുമുള്ള അഹ്മദിയായിരുന്നു. കുറച്ചുകാലം മുമ്പേയാണ് അഹ്മദിയായതെങ്കിലും ഒരുപക്ഷേ പഴയ അഹ്മദികളിൽപോലും കാണാത്ത ആത്മാർഥതയും കൂറും ബന്ധവും പുലർത്തി. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇത്തരത്തിലുള്ള ആസക്തരായ അഹ്മദികളെ അല്ലാഹു എപ്പോഴും നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സയ്യിദ് നാദിർ സയ്യിദീന്റേതാണ്. അദ്ദേഹം റബ്‌വയിൽ നമ്മുടെ ഫയർ & റെസ്ക്യൂ സർവീസിന്റെ ഇൻചാർജായിരുന്നു. സയ്യിദ് ഗുലാം സയ്യിദീന്റെ മകനായിരുന്നു. അദ്ദേഹം 2016 ജൂലായ് 23 ന് ഇസ്‌ലാമാബാദിലെ പംസ് ആശുപത്രിയിൽ 55-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഹൃദയത്തിന് രക്തം സംഘടിപ്പിച്ചു നല്കുന്ന ആർട്ടറികളിൽ ക്ലോട്ടുണ്ടായ കാരണത്താൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ പിതാമഹി 1905-ൽ കോബാട്ടിൽനിന്ന് കത്തെഴുതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതാണ്. പക്ഷേ, അവരുടെ മറ്റാളുകളാരും ബയ്അത്ത് ചെയ്തിരുന്നില്ല. സയ്യിദ് നാദിർ സയ്യിദീൻ 1982 ൽ സ്വയം അന്വേഷിച്ച് ബയ്അത്ത് ചെയ്തു. കറാച്ചിയിൽനിന്ന് അദ്ദേഹം പിന്നീട് ബി.എസ്.സി.ചെയ്തു. ഇതിനുശേഷം ഇദ്ദേഹം കറാച്ചിയിൽ തന്നെ താമസിച്ചു. 1989-ൽ ഇദ്ദേഹം കറാച്ചിയിൽനിന്ന് ഇസ്‌ലാമാബാദിലേക്ക് ശിഫ്റ്റായി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ജില്ലാ തലത്തിൽ ഇദ്ദേഹത്തിന് ധാരാളം വകുപ്പുകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇസ്‌ലാമാബാദ് ജില്ല മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ റൈറ്റർ ഫോറും ഇൻചാർജായി സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ജില്ല മുഅ്ത്തമിദായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഖിദ്മത്തെ ഖൽഖ് വകുപ്പിലുമുണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും അദ്ദേഹത്തിന് ഭാഗ്യം കിട്ടി. 1999-ൽ ഇസ്‌ലാമാബാദിൽനിന്ന് റബ് വ ശിഫ്റ്റായി. പിന്നീട് അദ്ദേഹം 2000-ൽ തന്റെ ജീവിതം വഖ്ഫ് ചെയ്തു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ ഞാൻ പറഞ്ഞതുപോലെ നാസിർ ഫയർ&റെസ്ക്യൂ സർവീസ് വകുപ്പിൽ ഇൻചാർജായിരുന്നു. ഇപ്രകാരംതന്നെ സ്പോർട്ട് കോംപ്ലക്സി (Sport Complex)ന്റെയും ഇൻചാർജായിരുന്നു. ജൂഡോ കരാട്ടയുടേയും മാർഷൽ ആർട്ടിന്റേയും വലിയ വിദഗ്ധനായിരുന്നു. അന്താരാഷ്ട്ര തലത്തിലെ പ്രശസ്ത മാർഷൽ ആർട്ടസിന്റെ വിദഗ്ധനായിരുന്നു. മറ്റു രാജ്യങ്ങളിൽ പാക്കിസ്താനെ പ്രതിനിധാനം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം റബ്‌വയിലും ഖുദ്ദാമിനും കുട്ടികൾക്കും മാർഷൽ ആർട്ടസിന്റെ പരിശീലനം നല്കിയിരുന്നു. ഖിലാഫത്തുമായി അഗാധ ബന്ധമായിരുന്നു. വളരെ ആത്മാർഥതയോടും കൂറോടുംകൂടി സേവനം ചെയ്യുന്ന ആളായിരുന്നു. സാധാരണപ്രകൃതമായിരുന്നു. എപ്പോഴും അദ്ദേഹം മന്ദസ്മിത വദനനായിരുന്നു എന്നത് വിശേഷ ഗുണമായിരുന്നു. ആരോഗ്യം എത്ര മോശമായിരുന്നാലും എന്തെല്ലാം പ്രയാസങ്ങളുണ്ടായാലും എപ്പോഴും സന്തോഷത്തിലായിരിക്കും. അവിടേയും സന്തോഷത്തിന് കാരണമാകുംവിധം അല്ലാഹു അദ്ദേഹത്തോടു പെരുമാറട്ടെ; അദ്ദേഹത്തിന്റെ മക്കൾക്കും. അല്ലാഹുവിന്റെ കൃപയാൽ മൂസിയായിരുന്നു. റബ്‌വയിൽ അദ്ദേഹത്തെ ഖബ്റടക്കി. ഭാര്യക്കുപുറമെ അദ്ദേഹത്തിന്റെ മാതാപിതാക്കളും മൂന്നു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ മദ്രസത്തുൽഹിഫ്ളിൽ വിശുദ്ധ ഖുർആനും ഹൃദിസ്ഥമാക്കുന്നുണ്ട്. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

മൂന്നാമത്തെ ജനാസ സദ്ർ ജമാഅത്ത് ന്യൂയോർക്ക്(അമേരിക്ക)നദീർ അഹ്മദ് അയാസ് സാഹിബിന്റേതാണ്. 2016 ജൂലായ് 3 ന് 69-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. 1947 മെയ് 23 ന് തൻസാനിയായിലാണ് ഇദ്ദേഹം ജനിച്ചത്. 1977 ൽ ന്യൂയോർക്കിലെത്തി. ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കാൻ തുടങ്ങി. ആദ്യം സെക്രട്ടറിമാൽ എന്ന നിലയിലും പിന്നീട് 35 വർഷംവരെ ന്യൂയോർക്ക് ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ന്യൂയോർക്കിലെ വിവിധ നമസ്കാര സെന്ററുകളിൽ എല്ലാ മാസവും ഒരു പ്രാവശ്യം മുബല്ലിഗിനോടൊപ്പം പോകാറുണ്ടായിരുന്നു. സാമ്പത്തികത്യാഗത്തിലും എല്ലാ പദ്ധതികളിലും പങ്കെടുക്കാൻ ശ്രമിച്ചിരുന്നു. ജമാഅത്തംഗങ്ങളെ മുടങ്ങാതെ ഈമെയ്‌ലുകളിലൂടേയും കത്തുകളിലൂടേയും ത്യാഗങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചിരുന്നു. ജമാഅത്തുപരമായ സേവനങ്ങൾ വളരെ സന്തോഷത്തോടും ഉത്തരവാദിത്വത്തോടുംകൂടി നിർവഹിച്ചിരുന്നു. യുവാക്കൾക്ക് പരിശീലനവും നല്കിയിരുന്നു. പൊതുവെ ഓഫീസർമാർ രണ്ടാമത്തെ ലൈൻ തയ്യാറാക്കാറില്ല. പക്ഷേ, ഇദ്ദേഹം യുവാക്കൾക്ക് അവർ ജമാഅത്തിന്റെ സേവനത്തിന് മുമ്പോട്ടുവരുന്നതിനുവേണ്ടി പരിശീലനം നല്കി തയ്യാറാക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ ഒരു ഗുണമായിരുന്നു. അവിടെ മസ്ജിദുകളിൽ അല്ലെങ്കിൽ സെന്ററുകളിൽ യുവാക്കളേയും യുവതികളേയും കൊണ്ടു വരുന്നതിനുവേണ്ടി കളികൾ തുടങ്ങിയ വിനോദത്തിനുള്ള ഏർപാടുകൾ ചെയ്തിരുന്നു. അല്ലെങ്കിൽ ഇക്കാലത്തെ യുവാക്കളുടെ ശ്രദ്ധയാകർഷിക്കാൻ പറ്റുന്ന മറ്റു പരിപാടികൾ നടത്തുമായിരുന്നു; അവർ നഷ്ടപ്പെട്ടുപോകാതിരിക്കാൻ. പുരുഷന്മാർക്കും സ്ത്രീകൾക്കും എല്ലാ ആഴ്ചയിലും ശനിയാഴ്ചയോ ഞായറാഴ്ചയോ മുടങ്ങാതെ വൈജ്ഞാനിക ക്ലാസുകൾ സംഘടിപ്പിക്കുമായിരുന്നു. ഇപ്പോൾ അത് ത്വാഹിർ അക്കാഡമിയുടെ പേരിൽ അവിടെ നടന്നുവരുന്നു. ന്യൂയോർക്ക് ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഡയറക്ടറുമായിരുന്നു. അതിലും അദ്ദേഹം വലിയ ജോലികൾ ചെയ്തു. സ്വദ്റായിരുന്നിട്ടും സെന്ററുകൾ വൃത്തിയാക്കേണ്ട ആവശ്യം വന്നാൽ തനിച്ച് അതു ചെയ്യുമായിരുന്നു. മാലിന്യങ്ങൾ പുറത്തുകൊണ്ടുപോയി ഇടുമായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. പരേതൻ മൂസിയായിരുന്നു. അവിടെ 'മഖ്ബറ മൂസിയാനിൽ' അദ്ദേഹത്തെ ഖബ്റടക്കി. അദ്ദേഹത്തിന്റെ ഭാര്യയും ഏകമകളുമുണ്ട്; അസ് മാ അയാസ്. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. 'താങ്കൾ അമേരിക്കയിലെ ജമാഅത്തുകൾക്ക് ഒരു മാതൃകയാണ്' എന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞിരുന്നു; എപ്പോഴും അങ്ങനെയായിരിക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ഇനിയും അങ്ങനെയുള്ള ആളുകൾ ഉണ്ടായിക്കൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. 35 വർഷംവരെ അദ്ദേഹത്തിന് ജമാഅത്തിന്റെ സ്വദ്റായിരിക്കാനും ആത്മാർഥനായ സ്വദ്റായി സേവനം അനുഷ്ഠിക്കാനും തൗഫീഖ് കിട്ടി.

അമീർ സാഹിബ് അമേരിക്കയും നായിബ് അമീർ സാഹിബ് അമേരിക്കയും അദ്ദേഹം വളരെ ലാളിത്യത്തോടെ സേവനം ചെയ്യുന്ന വ്യക്തിയായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. സംഘടനാപരമായ പ്രവർത്തനങ്ങളിൽ മറ്റുള്ളവരെക്കാളുപരി പങ്കെടുത്തിരുന്നു. വെറും ഓഫീസറായിട്ടിരുന്നില്ല. മറിച്ച് മറ്റുള്ളവരുമായി ചേർന്ന് ഒരു ജോലിക്കാരനെപോലെ പ്രവർത്തിച്ചിരുന്നു. അല്ലാഹു ഇവരെല്ലാവരുടേയും ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ പറഞ്ഞതുപോലെ ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്.

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## 2016 ഉപസംഘടനകളുടെ അഖിലേന്ത്യാ വാർഷിക ഇജ്തിമാകൾ

സയ്യിദുനാ അമീറുൽമുഅ്മിനീൻ(അയ്യദഹുല്ലാഹ്) ഖാദിയാൻ ദാറുൽഅമാനിൽ താഴെ പറയുന്ന തിയതികളിൽ ഉപസംഘടനകളുടെ ഇജ്തിമാകൾ സംഘടിപ്പിക്കാൻ അനുവാദം നല്കി അനുഗ്രഹിച്ചിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും ഈ ആത്മീയ ഇജ്തിമാകളിൽ പങ്കെടുക്കുന്നതിന് ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ നടത്തുക.

✠ ലജ്ന ഇമായില്ലാഹ്-നാസിറാത്തുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ.

✠ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാ 2016 ഒക്ടോബർ 15, 16, 17 ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ

✠ മജ്‌ലിസ് അൻസ്വാറുല്ലാ ഇജ്തിമാ 2016 ഒക്ടോബർ 18, 19, 20 ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ.

## ഇർശാദുന്നബ്‌വി(സ)

*"മാ ഹലക്ക അംറഉൻ അറഫ ഖദ്റഹു"* തന്റെ യഥാർഥ നില മനസ്സിലാക്കുന്നവൻ നശിക്കുന്നില്ല. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

*"അൽമറഉ മഅ മൻ അഹബ്ബ"* മനുഷ്യൻ അയാളുടെ സ്നേഹിതനോടൊപ്പമാണ്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്‌വി(സ)

*"കാദൽ ഫഖ്റു അൻ തകൂന കുഫ്റ"* ദാരിദ്ര്യം കുഫ്റായി പരിണമിക്കാൻ ഇടയുണ്ട്. (നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

# ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ)

**(കഴിഞ്ഞ ലക്കത്തിൽ നിന്ന്)**

കരയാതിരിക്കാൻ എന്തു വകയാണുള്ളത്? ആദ്യം ഉമ്മ. പിന്നീടു സ്വന്തം കൺമുമ്പിൽ ഒന്നിനു പിറകെ ഒന്നായി യുവതികളായ മൂന്നു സഹോദരിമാർ. സമാശ്വസിപ്പിച്ചുപോന്ന, അങ്ങേയറ്റം സ്നേഹം പകർന്നുനല്കിയ ഒരു പിതാവുണ്ടായിരുന്നു. ഇപ്പോൾ ആ തണലും ഇല്ലാതായിരിക്കുന്നു. ഹദ്റത്ത് അലിയുടെ അനുകമ്പയും അതിയായ സ്നേഹവുമൊക്കെ ഉണ്ടായിരുന്നിട്ടും ഫാത്വിമായുടെ മനസ്സിൽ ദുഃഖം തളംകെട്ടിനിന്നു. വീട്ടിലെ തിരക്കിന്നിടയിലും പലപ്പോഴും നബി(സ)തിരുമേനിയുടെ ഏതെങ്കിലും വസ്ത്രമെടുത്ത് മണത്തുകയും കണ്ണിൽ പൊത്തുകയും കരയുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത്ഫാത്വിമ(റ) ബുദ്ധിമതിയായിരുന്നു. വിശുദ്ധ ഖുർആനിന്റെ ജ്ഞാനം നല്ലവണ്ണം ഉണ്ടായിരുന്നു. ചിലപ്പോൾ എല്ലാ സംസാരത്തിന്റേയും രത്നചുരുക്കം ഖുർആൻ തന്നെയായിരുന്നു. നബി(സ) തിരുമേനി മരണപ്പെട്ടപ്പോൾ ഹദ്റത്ത് ഫാത്വിമയുടെ അണപൊട്ടിയൊഴുകിയ കണ്ണീരുകളിൽനിന്ന് ശോകമയമായ ചില വാക്കുകൾ കവിതാ രൂപത്തിൽ ഉതിർന്നു വീണു. അത് അദ്ദുർറുൽ മൻശൂർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ ചില വരികളുടെ തർജമ ഇതാ:

“ആകാശം പൊടിപടലങ്ങൾകൊണ്ടു നിറഞ്ഞു. സൂര്യൻ ചുരുട്ടപ്പെട്ടു. കാലം അന്ധകാരത്തിലമർന്നു. ആദരണീയനായ നബി(സ)തിരുമേനിക്കുശേഷം ഭൂമി ദുഃഖഹന്താവായി എന്നു മാത്രമല്ല, ദുഃഖഭാരത്താൽ വിണ്ടുകീറിപ്പോയിരിക്കുന്നു. നബി(സ) തിരുമേനിയുടെ ദേഹവിയോഗത്തിൽ പാശ്ചാത്യദേശവാസികളും പൗരസ്ത്യദേശവാസികളും യമൻവാസികളും ഒരുപോലെ വിലപിക്കുകയാണ്. വലിയ വലിയ പർവതങ്ങളിൽനിന്നും കൊട്ടാരങ്ങളിൽനിന്നും നിലവിളികൾ ഉയരുകയാണ്. അല്ലയോ ഖാത്തമുന്നബിയ്യീൻ! അല്ലാഹു അങ്ങയുടെമേൽ കാരുണ്യം വർഷിക്കുമാറാകട്ടെ.”

**നിവേദനം:** ഒരിക്കൽ നബി(സ)യുടെ പരിശുദ്ധ ഖബറിനടുക്കൽ പോയി. പരിസരം മറന്ന് കരഞ്ഞ്കരഞ്ഞ് നിലത്തുവീണു. ദുഃഖം നാവിലൂടെ ഇങ്ങനെ വെളിയിൽ വന്നു:

“എന്റെ ഉപ്പ എന്നിൽനിന്ന് വേർപെട്ടുപോയി. അറേബ്യൻ മരുഭൂമിയെ പ്രകാശമാനമാക്കിയ ആ ദീപം ഇതാ അണഞ്ഞു പോയിരിക്കുന്നു. ഇപ്പോൾ ദുൻയാവിന്റെ മുസീബത്തുകൾ എന്റെ കൺമുമ്പിലുണ്ട്. ഉമ്മ ഇല്ലാത്ത ഈ കുട്ടി ഉപ്പയുടെ വേർപാടിൽ കരഞ്ഞുകരഞ്ഞ് നേരം കഴിക്കുന്നു. എന്റെ തലയിൽ മുസീബത്തിന്റെ പർവതം കൊണ്ടിട്ട ആ കാളരാത്രി, അതൊരു ഖിയാമത്തായിരുന്നു. എന്റെ ജീവിതത്തിന് നീളമുണ്ട്. ഈ ദുഃഖഭരത്താൽ അതവസാനിച്ചില്ല. അല്ലാഹുവിന്റെ പ്രവാചകരേ! എന്റെ ദുആയ്ക്ക് അങ്ങ് ആമീൻ ചൊല്ലിയാലും. സർവലോകത്തിന്റേയും ആരാധ്യനായിട്ടുള്ളവനേ! വിഷമങ്ങൾക്കു വിധേയയായിക്കൊണ്ടിരിക്കുന്ന ഈ മകളേ അവളുടെ ഉപ്പയുടെ അടുക്കൽ എത്തിച്ചാലും. അവളുടെ കണ്ണുകൾ തിളക്കമുള്ളതാക്കിയാലും.”

ഹദ്റത്ത് ഫാത്വിമ(റ) മിക്കപ്പോഴും നബി(സ) തിരുമേനിയുടെ ഖബ്റിനടുക്കൽ പോകുമായിരുന്നു. അർധരാത്രിവരെ അവിടെ ആരാധനയിൽ മുഴുകുമായിരുന്നു. നബി(സ)യുടെ വിയോഗത്തിനു ശേഷം തന്റെ ചെവിയിൽ പറഞ്ഞകാര്യം ഹദ്റത്ത് ഫാത്വിമ(റ) വെളിപ്പെടുത്തി: “ആദ്യം നബി(സ) എന്റെ ചെവിയിൽ പറഞ്ഞു, ‘ഈ രോഗത്തിൽ ഞാൻ മരിക്കുന്നതാണ്.’ അപ്പോൾ ഞാൻ കരയാൻ തുടങ്ങി. രണ്ടാമത് നബി(സ)പറഞ്ഞു, ‘എന്റെ കുടുംബത്തിൽ ഏറ്റവും ആദ്യം എന്റെ അടുത്തുവരുന്നത് നീ ആയിരിക്കും.’ അപ്പോൾ ഞാൻ ചിരിച്ചു.”

ഹദ്റത്ത് അലിക്കും, നബി(സ)തിരുമേനിയോടു അതിരറ്റ സ്നേഹമുണ്ടായിരുന്നു. കുട്ടിക്കാലം മുതൽ നബി(സ)യുടെ വീട്ടിലായിരുന്നു ഹദ്റത്ത് അലി കഴിഞ്ഞിരുന്നത്. നബി(സ) അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അലിയെ വളർത്തി. അതുകൊണ്ടുതന്നെ അലിയ്ക്കും നബി(സ)യുടെ വേർപാട് അസഹ്യമായിരുന്നു. ഉദാസീനത ആ മുഖത്ത് എപ്പോഴും നിഴലിച്ചുനിന്നു. ഹദ്റത്ത് ഫാത്വിമയുടെ ദുഃഖംകൂടിയായപ്പോൾ അതിരട്ടിയായി. ഹദ്റത്ത് ഫാത്വിമയെ സമാധാനിപ്പിച്ചു, സാന്ത്വനപ്പെടുത്തി. എന്നാൽ, ഹദ്റത്ത് ഫാത്വിമയുടെ ആരോഗ്യം നിത്യേന ക്ഷയിച്ചു കൊണ്ടിരുന്നു. ഖബ്റിനടുക്കൽനിന്ന് ഒരിക്കൽ മടങ്ങി വരുമ്പോൾ ആരോഗ്യം വളരെ വഷളായി. മരണം അടുത്തിരിക്കുന്നുവെന്ന് ഹദ്റത്ത് ഫാത്വിമയ്ക്കു തോന്നി. ഹദ്റത്ത് അലിയെ വിളിച്ചു വസ്വിയ്യത്ത് ചെയ്തു:

‘അന്യരായ ആരും എന്റെ മയ്യിത്ത് പിടിക്കരുത്. ഖബ്റടക്കം രാത്രിയിലായിരിക്കണം.’

ഒരു ദിവസം വുദു(ക്ഷാളനം)ചെയ്ത് വെള്ളം വസ്ത്രം ധരിച്ചു. ഈ വസ്ത്രത്തിലായിരിക്കണം തന്നെ കുളിപ്പിക്കേണ്ടതെന്ന് അലിയോടു പറയാൻ ഹദ്റത്ത് അസ്മായെ ചുമതലപ്പെടുത്തി. ഖിബ്ലയ്ക്കു നേരെ തിരിഞ്ഞു. റമദാൻ മാസം 3-ാം തിയതി, ചൊവ്വാഴ്ച മഗ്രിബ്നും ഇശായ്ക്കുമിടയിൽ സ്വർഗവാസിനി ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റ) ഈ ലോകത്തോടു എന്നെന്നേയ്ക്കുമായി വിടപറഞ്ഞു. അന്ന് നബി(സ)തിരുമേനി മരണപ്പെട്ടിട്ട് 6-മാസം കഴിഞ്ഞതേയുള്ളു. ആ നേരത്ത് ഹദ്റത്ത് ഫാത്വിമത്തുസ്സഹ്റാ(റദിയല്ലാഹു അൻഹാ)യുടെ പ്രായം 28,29ന് അടുത്തായിരുന്നു.

**ഫദക് തോട്ടം:**

ഹദ്റത്ത് ഫാത്വിമയുടെ ജീവിതത്തിലെ പ്രധാനപ്പെട്ടൊരു സംഭവമായിരുന്നു ഇത്. യുദ്ധമൊന്നും കൂടാതെ മുസ്ലീംകൾക്കു ലഭിച്ച ഒരു തോട്ടമായിരുന്നു ഫദക്. അക്കാലത്ത് യഹൂദികൾ വളരെ നിന്ദ്യമായി പരാജയം ഏറ്റുവാങ്ങിയിരുന്നു. ഹിജറ 7-ാം വർഷമായിരുന്നു ഈ സംഭവം നടന്നത്. ഫദക് തോട്ടത്തിൽനിന്ന് മുസ്ലീംകൾക്കു വരുമാനം ലഭിക്കാൻ തുടങ്ങി. ഈ തോട്ടം നബി (സ)യ്ക്കുമാത്രം അവകാശപ്പെട്ടതാണെന്ന് എല്ലാവരും കൂടി ഐകകണ്ഠ്യേന തീരുമാനിച്ചു. നബി(സ) തിരുമേനി ഉൾപ്പെടെയുള്ളവരുടെ തീരുമാനമായിരുന്നു അതെന്നതിൽ സംശയമില്ല. പക്ഷേ, അതിൽനിന്ന് കിട്ടിയിരുന്ന വരുമാനം എല്ലാം മുസ്ലീംകൾക്കുംവേണ്ടിയാണ്ചെലവഴിച്ചിരുന്നത്. നബി(സ) ഇഹലോകവാസം വെടിഞ്ഞതോടെ, ‘ഫദക് തോട്ടത്തിന്റെ ഉടമസ്ഥൻ നബി(സ) ആയിരുന്നു, അതുകൊണ്ട് നിങ്ങളുടെ അനന്തരാവകാശമാണതെന്ന്’ ചിലർ ഹദ്റത്ത് ഫാത്വിമയോടു പറഞ്ഞു. അങ്ങനെ പ്രശ്നം ഒന്നാം ഖലീഫ ഹദ്റത്ത് അബൂബക്കർ(റ)ന്റെ മുന്നിലെത്തി. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: “അനന്തരാവകാശസ്വത്തായിട്ട് നബിമാർക്ക് ഒന്നും ഉണ്ടാകുകയില്ല. നബി(സ)പറഞ്ഞിട്ടുള്ളതു തന്നെ ഇങ്ങനെയാണ്: ‘നബിമാർ ഉപേക്ഷിച്ചുപോകുന്ന സ്വത്തുക്കളെല്ലാം ദാനമായിരിക്കും. അതിൽ അനന്തരാവകാശം ഉണ്ടായിരിക്കുകയില്ല. അല്ലെങ്കിൽതന്നെ നബിയുടെ കുടുംബത്തിന് സ്വദഖ അനുവദനീയമല്ല.” ഇതിനെ തുടർന്ന് ഹദ്റത്ത് ഫാത്വിമയ്ക്ക് ഹദ്റത്ത് അബൂബക്കർ(റ)നോടു വെറുപ്പായി. കുറേകാലം അതങ്ങനെ നിലനിന്നു. ഹദ്റത്ത് ഫാത്വിമ (റ)ഹദ്റത്ത് അബൂബക്കറുമായി സംസാരിക്കാൻ കൂട്ടാക്കിയില്ല. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു: ‘നബി(സ)യുടെ കാലഘട്ടത്തിൽ അഹ്‌ലെ ബയ്ത് എത്രത്തോളം ഫലം അനുഭവിച്ചിരുന്നുവോ അതിപ്പോഴും അവർക്കു അനുഭവിക്കാവുന്നതാണ്. എന്നാൽ, അവർക്കു ഇതിന്റെ അനന്തരാവകാശം ലഭിക്കുകയില്ല.’ ഹദ്റത്ത് ഫാത്വിമ(റ) അവസാനം ഹദ്റത്ത് അബൂബക്കറുമായി(റ) സന്തോഷത്തിലായിരുന്നുവെന്ന് ത്വബഖാത് ഇബ്നുസഅ്ദിൽ എഴുതിയിരിക്കുന്നു. കാരണം ഹദ്റത്ത് അബൂബക്കർ(റ) എന്തൊക്കെയായാലും നബി(സ)യുടെ നിർദേശമനുസരിച്ചു തന്നെയായിരുന്നല്ലോ പ്രവർത്തിക്കേണ്ടിയിരുന്നത്?

**നിവേദനം:** ഹദ്റത്ത് ഫാത്വിമയ്ക്ക്(റ) സുഖമില്ലാതായപ്പോൾ രോഗവിവരം അറിയാൻ ഹദ്റത്ത് അബൂബക്കർ(റ)അവരുടെ വീട്ടിൽപോയി. അതിൽ ഫാത്വിമ ഏറെ സന്തോഷിച്ചു. ഇതിൽനിന്ന് താല്കാലികമായി നീരസം ഉണ്ടായിരുന്നെങ്കിലും പിന്നീടത് തികച്ചും നീങ്ങിയിരുന്നുവെന്ന് മനസ്സിലാകുന്നു. ഹദ്റത്ത് ഫാത്വിമ(റ)നിഷ്കളങ്കയായിരുന്നു. അപ്പോൾ ദീർഘനാൾ വെറുപ്പ് കാണിച്ചിരിക്കാൻ അവർക്കെങ്ങനെയാണ് കഴിയുക? ബഖീഅ് ഖബർസ്ഥാനിൽ ഹദ്റത്ത് ഫാത്വിമയെ(റ)ഖബ്റടക്കി. ഹദ്റത്ത് അലി(റ)ആയിരുന്നു ജനാസഃ നമസ്കരിപ്പിച്ചത്.

**ഫാത്വിമയുടെ മരണം, അലിയുടെ വിഷമം**

സ്വഭാവഗുണങ്ങളിൽ ഹദ്റത്ത് അലി(റ) നബി(സ) തിരുമേനിയെ പൂർണമായും പിൻപറ്റിയിരുന്നു. നബി(സ)യുടെ വീട്ടിൽ ഹദ്റത്ത് ഫാത്വിമയോടൊപ്പം സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിച്ചു. അവരെ ജോലികളിൽ സഹായിച്ചു. ഹദ്റത്ത് ഫാത്വിമയും ഹദ്റത്ത് അലിയുടെ എല്ലാ കാര്യങ്ങളും എല്ലാ വിധത്തിലും ശ്രദ്ധിച്ചിരുന്നു.

ഹദ്റത്ത് ഫാത്വിമ(റ)വഫാത്തായപ്പോൾ ഹദ്റത്ത് അലി(റ) വിലാപഗാനം എഴുതി. ഖബ്റടക്കം കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ ദുഃഖം താങ്ങാനാവാതെ വിഷമിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ നാവിലൂടെ ഉതിർന്നുവീണ ആ കവിതാശകലത്തിന്റെ അർഥം ഇപ്രകാരമാണ്:

“ദുൻയാവിലെ ദുഃഖങ്ങൾ നാലു ഭാഗത്തുനിന്നും എന്നെ പൊതിഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. അതിന് ഇരയായിത്തീരുന്നവൻ ജീവിതാവസാനം വരെ രോഗിയായിരിക്കുന്നു. രണ്ടു മിത്രങ്ങൾ പരസ്പരം ഒന്നിക്കുമ്പോൾ, അവരിൽ വേർപാടും ഉണ്ടാകുമല്ലോ? സുഹൃത്ബന്ധം വേർപെടാത്ത കാലം ഹ്രസ്വമാണ്. അഹ്മദിനു ശേഷം(സ) ഫാത്വിമയിൽനിന്നുള്ള എന്റെ വേർപെടൽ സുഹൃത് എപ്പോഴും കൂടെയുണ്ടാവില്ല എന്നതിനു തെളിവാണ്.”

(തുടരും)


## തോട്ടക്കാരന്റെ(Gardener)ഒഴിവ്

സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽ തോട്ടാലങ്കാര വകുപ്പിൽ തോട്ടക്കാരന്റെ ഒഴിവ് നികത്താൻ ആഗ്രഹിക്കുന്നു. സദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ തോട്ടക്കാരന്റെ ഗ്രേഡിൽ (നാലാം ദർജ)സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് താഴെ പറയുന്ന നബന്ധനപ്രകാരം അപേക്ഷിക്കാവുന്നതാണ്.

1. ഉദ്യോഗാർഥിക്ക് വിദ്യാഭ്യാസം ബാധകമല്ല. 2. ഉദ്യോഗാർഥി 25 വയസ്സിനു താഴെ പ്രായമുള്ള ആളായിരിക്കണം. ജനനസർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്. 3. കേന്ദ്ര കമ്മിറ്റി നടത്തുന്ന ഇന്റർവ്യൂവിൽ വിജയിക്കുന്നവരെയായിരിക്കും തിരഞ്ഞെടുക്കുക. 4. ഖാദിയാനിലെ നൂറ് ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് ജോലിക്ക് പ്രാപ്തരായവരെയാണ് തിരഞ്ഞെടുക്കുക. 5. ഇതുസംബന്ധമായി ഖാദിയാനിൽ വരാനുള്ള ചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്. 6. തിരഞ്ഞെടുക്കപ്പെട്ടാൽ ഖാദിയാനിലെ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. 7. നല്ലാറത്തെ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽനിന്ന് നിശ്ചിത അപേക്ഷ ഫോറം വാങ്ങാവുന്നതാണ്. ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ വരുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(നാളിരീൻ ദീവാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ) കൂടുതൽ വിവരത്തിന് ബന്ധപ്പെടുക:

ഓഫീസ് ഫോൺ:01872-501130
മൊബൈൽ: 0 9815 4337 60
e.mail: nazaratdiwanqdn@gmail.com

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 1 September Issue-26

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**തദ്ദേശവാസികൾ ഓർമവെക്കേണ്ടത് സ്യൂഡൻ മാനുഷികമായ സേവനത്തെ ധാർമികമായ നിർബന്ധകടമയെന്ന് മനസ്സിലാക്കിയാണ് ഈ അഭയാർഥികളെ സ്വീകരിച്ചത്. അതുകൊണ്ട് അവർ ആ സേവനത്തിന്റേയും സ്നേഹത്തിന്റേയും വികാരം ഉൾക്കൊണ്ട് വരുന്നവരെ സ്വാഗതം ചെയ്യുക. വീണ്ടും ഞാൻ പറയുകയാണ്, നിങ്ങൾ നിങ്ങളുടെ സമൂഹത്തിൽ ഈ അഭയാർഥികളുടെ സംയോജനത്തിന് വളരെ അധികം ശ്രദ്ധിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്.**

**ഇസ്ലാമികാധ്യാപനങ്ങളെ സംബന്ധിച്ച് ഞാൻ വീണ്ടും നിങ്ങൾക്കു ഉറപ്പുതരികയാണ്, ഇസ്ലാം എല്ലാവർക്കുമുള്ള ശാന്തിയുടേയും സമാധാനത്തിന്റേയും മൈത്രിയുടേയും മതമാണ്. ഇസ്ലാം മുസ്ലീംകളോടു ആവശ്യപ്പെടുന്നത് അവർ തങ്ങളുടെ ദേശത്തോടു കൂറുപുലർത്തി ജീവിക്കുക എന്നതാണ്. അതിന്റെ നിയമങ്ങളെ പരിഗണിക്കുക എന്നാണ്.**

## സ്യൂഡന്റെ തലസ്ഥാനമായ സ്റ്റോക്ഹോമിൽ 2016 മെയ് 17 ന് സംഘടിപ്പിച്ച ഒരു സ്വാഗതപരിപാടിയിൽ അമീറുൽമുഅ്മിനീന്റെ ഉജ്വല പ്രഭാഷണം.

**(ഭാഗം 2)**

അമീറുൽമുഅ്മിനീൻ പറഞ്ഞു: ‘അതുകൊണ്ട് സർക്കാറിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കും എനിക്കു നല്കാനുള്ള ഉപദേശം തദ്ദേശവാസികളുടെ അവകാശങ്ങൾ ഒരു വിധത്തിലും അവഗണിക്കപ്പെടരുതെന്നും അല്ലെങ്കിൽ അവരിൽ ഒരു തരത്തിലുള്ള ദുസ്സ്വാധീനവും ഉണ്ടാകാൻ ഇടകൊടുക്കരുതെന്നും ഉറപ്പുവരുത്തുക എന്നതാണ്. ഇതൊരു വൈകാരിക കാര്യമാണ്. ഇതിനെ വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടുംകൂടി നോക്കേണ്ടിവരും. കാരണം തദ്ദേശവാസികളുടെ ഉള്ളിൽ അഭയാർഥികളോടു വെറുപ്പുണ്ടായാൽ അതുമുഖേന ഭയാനകമായ പ്രതികരണത്തിന്റെ ആപത്ത് ആരംഭിക്കുന്നതാണ്. തദ്ദേശവാസികൾ അഭയാർഥികൾക്കെതിരാകും. ഇതിന്റെ ഫലമായി ഒരുപക്ഷേ, അഭയാർഥികളെ സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്തുന്നതാണ്. ഈ ഒറ്റപ്പെടുത്തലിന്റെ വികാരംകൊണ്ട് ചില അഭയാർഥികൾ ഭീകരവാദികളുടെ കൈയേറ്റ് radicalisation ന് ഇരയാകാനും ഇടയുണ്ട്. ഇങ്ങനെ ഒരു സാത്താനിക കുഴപ്പം തലപൊക്കാനും സാധ്യതയുണ്ട്. ഇതുമുഖേന ജനതയുടെ സമാധാനവും ശാന്തിയും നശിക്കുന്നതായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ദൈവം ഇടവരുത്താതിരിക്കട്ടെ! അത്തരം ഭീകരവാദി കുറച്ചാളുകളെത്തന്നെയും radicalise ചെയ്യുന്നതിൽ വിജയിച്ചാൽ അത് ഈ ജനതയുടെ ഐശ്വര്യത്തിനും സുരക്ഷയ്ക്കും സമാധാനത്തിനും വലിയ ഭീഷണിയായിത്തീരുന്നതാണ്. അതിനാൽ ഞാൻ പറഞ്ഞതുപോലെ ഒരു സന്തുലിതാവസ്ഥ നിലനിറുത്തേണ്ടിവരും. അതീവ സൂക്ഷ്മത പാലിച്ചുകൊണ്ട് ഭീകരതയെ കാണേണ്ടിവരും. സർക്കാർ അഭയാർഥികളെ പുനരധിവസിപ്പിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം ആ അഭയാർഥികളിൽനിന്ന് അവർ എത്രയുംവേഗം സ്വന്തം കാലിൽനില്ക്കാൻ പ്രാപ്തരാവുമെന്നും ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി തങ്ങളുടെ പങ്കു വഹിക്കുമെന്നും പ്രതീക്ഷിക്കുന്നുവെന്ന കാര്യവും അവരിൽ വ്യക്തമാക്കേണ്ടതുണ്ട്. മറുഭാഗത്ത് തദ്ദേശവാസികൾ ഓർമവെക്കേണ്ടത് സ്യൂഡൻ മാനുഷികമായ സേവനത്തെ ധാർമികമായ നിർബന്ധ കടമയെന്ന് മനസ്സിലാക്കിയാണ് ഈ അഭയാർഥികളെ സ്വീകരിച്ചത്. അതുകൊണ്ട് അവർ ആ സേവനത്തിന്റേയും സ്നേഹത്തിന്റേയും വികാരം ഉൾക്കൊണ്ട് വരുന്നവരെ സ്വാഗതം ചെയ്യുക. വീണ്ടും ഞാൻ പറയുകയാണ്, നിങ്ങൾ നിങ്ങളുടെ സമൂഹത്തിൽ ഈ അഭയാർഥികളുടെ സംയോജനത്തിന് വളരെ അധികം ശ്രദ്ധിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. ഇല്ലെങ്കിൽ അവസ്ഥകൾ നി ങ്ങളുടെ നിയന്ത്രണത്തിന് വെളിയിലായിപ്പോകുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്ലാമികാധ്യാപനങ്ങളെ സംബന്ധിച്ച് ഞാൻ വീണ്ടും നിങ്ങൾക്കു ഉറപ്പുതരികയാണ്, ഇസ്ലാം എല്ലാവർക്കുമുള്ള ശാന്തിയുടേയും സമാധാനത്തിന്റേയും മൈത്രിയുടേയും മതമാണ്. ഇസ്ലാം മുസ്ലീംകളോടു ആവശ്യപ്പെടുന്നത് അവർ തങ്ങളുടെ ദേശത്തോടു കൂറുപുലർത്തി ജീവിക്കുക എന്നതാണ്. അതിന്റെ നിയമങ്ങളെ പരിഗണിക്കുക എന്നാണ്. ഇവിടെത്തെ മുസ്ലിം ഇമാമുമാർ പാശ്ചാത്യദേശത്തുവരുന്ന എല്ലാ അഭയാർഥികൾക്കും ഈ സന്ദേശമാണ് നല്കേണ്ടത്. ഈ രാജ്യത്തോടും ഇവിടെത്തെ ജനതയോടും നന്ദി കാണിക്കേണ്ടത് അവരുടെ നിർബന്ധ കടമയാണെന്ന് അവരോടു പറയേണ്ടതാണ്. അവർക്ക് ഒരു പുതുജീവിതമാണ് കിട്ടിയിരിക്കുന്നതെന്നും യുദ്ധവും കുഴപ്പവുമൊന്നുമില്ലാത്ത ഒരു രാജ്യത്ത് നിങ്ങളുടെ കുട്ടികളെ വളർത്താൻ അവസരം കിട്ടിയിരിക്കുകയാണെന്നും അതുകൊണ്ട് ഈ പുതിയവീടിനെ ആദരിക്കേണ്ടതും അതിനെ ശ്രദ്ധിക്കേണ്ടതും അവരുടെ നിർബന്ധ കടമായാണെന്നും ഓർമപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇനി ഞാൻ നിങ്ങളുടെ മുമ്പിൽ കുറച്ച് ഇസ്ലാമികാധ്യാപനങ്ങൾ സമർപിക്കുന്നതാണ്. ഈ അധ്യാപനങ്ങൾക്ക് തദ്ദേശതലത്തിൽ സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് ഒരു വലിയ പങ്കുവഹിക്കാൻ സാധിക്കുമെന്നുള്ളത് എന്റെ ദൃഢവിശ്വാസമാണ്. വിശുദ്ധ ഖുർആനിലെ മാഇദ അധ്യായത്തിലെ 9-ാം വചനത്തിൽ അല്ലാഹു പറയുന്നു:

“വിശ്വസിച്ചവരേ! നിങ്ങൾ നീതിക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനു നിങ്ങളോടുള്ള വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങളെപ്പോഴും നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു സൂക്ഷ്മമമായി അറിവുള്ളവനാണ്.” (5:9)

ഈ വചനത്തിലെ വാക്കുകൾ വളരെ വ്യക്തമാണ്. ഇവിടെമുസ്ലീംകൾകല്പിക്കപ്പെട്ടിരിക്കുന്നത്അവർ തങ്ങളുടെ ശത്രുക്കൾക്കെതിരിൽപോലും വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തരുതെന്നാണ്. അവരോടു പ്രതികാരം ചോദിക്കരുത്. എന്നല്ല അവർ പഠിപ്പിക്കപ്പെട്ടിരിക്കുന്നത് എങ്ങനെയുള്ള അവസ്ഥകളാണെങ്കിലും വേണ്ടില്ല അവർ എപ്പോഴും എല്ലാ കാര്യത്തിലും നീതിയിൽ നിലകൊള്ളണമെന്നാണ്. നോക്കുക! സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് ഇത് എത്രമാത്രം മനോഹരമായ അധ്യാപനമാണ്. ഇസ്ലാം മുസ്ലീംകളോടു നീതിയിൽ നിലകൊള്ളാൻ മാത്രമല്ല താക്കീതു ചെയ്തിട്ടുളളത്. മറിച്ച് നീതി ആഗ്രഹിക്കുന്ന ആവശ്യമെന്താണെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിലെ നിസാ അധ്യായത്തിലെ 136-ാം വചനത്തിൽ അല്ലാഹു പറയുന്നു:

“വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും!”(4:136)

അതുകൊണ്ട് ഇസ്ലാം പഠിപ്പിക്കുന്നത് ഒരു മുസൽമാൻ സത്യവും നീതിയും ഉയർത്തിപിടിക്കുന്നതിനുവേണ്ടി തനിക്കുതന്നെയോ തങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും സാക്ഷ്യം പറയാൻ തയ്യാറായിരിക്കണമെന്നാണ്. ഇതിനെക്കാൾ മെച്ചപ്പെട്ട നീതിയുടെ നിലവാരം ഉണ്ടാകുകയേയില്ല. അതിനാൽ ഈ അധ്യാപനം തന്നെയാണ് ലോകത്ത് സമാധാനസംസ്ഥാപനത്തിന്റെ കവാടം.

അമീറുൽമുഅ്മിനീൻ പറഞ്ഞു: വിശുദ്ധ ഖുർആനിലെ ഹുജുറാത്ത് എന്ന അധ്യായത്തിലെ 10-ാം വചനത്തിൽ സമാധാന സംസ്ഥാപനത്തിന് മറ്റൊരു സുവർണമായ നിയമം വിവരിക്കപ്പെട്ടിരിക്കുന്നു. അവിടെ അല്ലാഹു പറയുന്നു: ‘ജനതകളോ സംഘങ്ങളോ പരസ്പരം പോരാടിയാൽ മറ്റു കക്ഷികൾ സംഘടിച്ച് ആ സംഘട്ടനത്തിനുള്ള സമാധാനപരമായ പരിഹാരം അന്വേഷിക്കേണ്ടതാണ്. സമാധാനപരമായ പരിഹാരം അസാധ്യമാകുകയാണെങ്കിൽ അക്രമവും ദ്രോഹവും അനീതിയും തടയുന്നതിനുള്ള ശ്രമത്തിൽ എല്ലാ കക്ഷികളും തോളോടുതോൾ ചേർന്ന് നില്ക്കേണ്ടതാണ്.”(49:10)

ലോകം ഈ നിയമത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയാണെങ്കിൽ മനുഷ്യകുലത്തിന് വരുന്ന യുദ്ധത്തിന്റെ കരാളഹസ്തത്തിൽനിന്ന് രക്ഷപ്പെടാൻ ഇനിയും സമയമുണ്ട്.

(തുടരും)




**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
**CITYLINK TRAVEL CORPORATION**
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin